ഈ ബിൽ വൈസ്രായിയുടെ സഭയിൽ ഇതിന്നു കാലത്തു അണറബിൾ സർ. എം. ബെന്നാവേൻ പറഞ്ഞ അഭിപ്രായങ്ങളെ ഇതിനിടയിൽ ചെയ്ത ഈ പ്രസ്താവത്തെ ഞാൻ അവസാനിപ്പിക്കാം. അദ്ദേഹം ഇപ്രകാരം പറഞ്ഞിരിക്കുന്നു 'ബില്ലിലെ വ്യവസ്ഥകൾ ഏതാനും ഭാഗം ധർമ്മകാര്യങ്ങൾക്കും ഏതാനും ഭാഗം മതവിഷയങ്ങളുടെ പഠനത്തിനും ആയി വിനിയുക്തങ്ങളായ മൂലസ്വത്തുക്കൾക്കു സംബന്ധിക്കും. എന്നാൽ, ഭാരവാഹികൾ കേവലം ട്രസ്റ്റിയായിട്ടോ മൂലസ്വത്തിനെ അധീനത്തിൽവെച്ചു രക്ഷിക്കുന്നവനായിട്ടോ ഇരിക്കയും ബില്ലിനെ ധർമ്മകാര്യത്തിനുള്ള മൂലസ്വത്തിനു സംബന്ധിപ്പിക്കുന്നതു ആ മൂലസ്വത്തിൽ താല്പര്യപ്പെട്ട കക്ഷികളുടെ മാത്രമല്ല തദ്ദേശ ഗവർന്മെന്റിന്റെയും അനുമതിയെ അവലംബിച്ചിരിക്കയും ചെയ്യുന്ന കാലത്തോളം, ഇതിലേക്കു യാതൊരു വിരോധവും ഞാൻ കാണുന്നില്ല. ഈ രണ്ടു വിധം സമ്മതവും ആവശ്യം എന്നു വെക്കുന്നതായാൽ ബില്ലിനെ അനുചിതമായ വിധത്തിൽ പ്രവർത്തിപ്പിക്കാതെ തടുക്കുന്നതിനു അത്യന്തം ശാസ്ത്രപരായണനായ ഹിന്ദുവോ മഹമ്മദനോ കൃസ്ത്യനോ തന്നെയോ ആവശ്യപ്പെടുന്ന രക്ഷാവിധികൾ എല്ലാം ഇവയിൽ ഉണ്ടെന്നു എനിക്കു തോന്നുന്നു.' മുമ്പിൽ പ്രസ്താവിച്ചതുപോലെ മതപഠനത്തിന്റെയോ മതാരാധനത്തിന്റെയോ സംബന്ധം സ്വല്പംപോലും ഉള്ള സകല ധർമ്മസ്വത്തുക്കളെയും ഈ ബില്ലിന്റെ വ്യാപ്തിയിൽ നിന്നു വിട്ടിരിക്കുന്നതുകൊണ്ടു ഈ ബില്ലിൽ കൂടുതൽ രക്ഷാവിധി അടങ്ങിയിരിക്കുന്നു. യാതൊരു വിധത്തിലുള്ള മതബോധത്തിനും ബാധകളേശവും ഇല്ലെന്നു ഈ വിധം ഏർപ്പെടുത്തിയിരിക്കുന്ന ഈ ഹിന്ദു ഗവർന്മെന്റിൽ നിന്നു നിശ്ചയിക്കുന്ന ഈ പ്രവൃത്തിയിൽ തിരുവിതാംകൂറിൽ ഉള്ള ഭിന്നമതസ്ഥന്മാരുടെ മനോഭാവങ്ങളെ പ്രത്യേകമായി ഈ നിയമത്തിൽ ആദരിച്ചിട്ടുണ്ടെന്നു അവർ കാണും എന്നു ഞാൻ വിശ്വസിക്കുന്നു. ഈ ബില്ല് കേവലം അനുജ്ഞാപ്രദമായിരിക്കണമെന്നു മാത്രമേ പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളൂ. ധർമ്മസ്വത്തിനെ ഭരമേല്പിക്കുന്നതിലേക്കു അനുജ്ഞാപിക്കയോ ഏർപ്പാട ഉണ്ടാക്കയോ ചെയ്യണമെന്നു അപേക്ഷയോ ആവലാതിയോ കിട്ടിയാലല്ലാതെ ഗവർന്മെന്റു അങ്ങിനെ അനുജ്ഞാപിക്കയോ ഏർപ്പാടുണ്ടാക്കയോ ചെയ്യുന്നതല്ല. ഗവർന്മെന്റിൽ നിന്നു പ്രവേശിക്കയില്ലെന്നു പറയുന്നതു യുക്തമെന്നു കണ്ടാൽ അങ്ങിനെയും ചെയ്യുന്നതായിരിക്കും. ഈ പ്രസ്താവത്തോടുകൂടി ഈ ബില്ലിന്റെ സിദ്ധാന്തത്തെ മേലാൽ ഒരു ദിവസം പര്യാലോചിക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ രാമയ്യർ അനുകൂലമായി പറഞ്ഞു.

അനുകൂല പ്രതികൂല ഭാവം നോക്കി സമ്മതിക്കപ്പെട്ടു.

൧൦൭൩-ാമാണ്ടത്തെ ൩-ാം റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ.

മിസ്റ്റർ ഗോവിന്ദപ്പിള്ള:—ഈ ബില്ലിനെക്കുറിച്ചു പ്രത്യേക കമ്മിറ്റിയുടെ റിപ്പോർട്ടിനെ ഞാൻ സമർപ്പിക്കുന്നു. റിപ്പോർട്ടും ഭേദപ്പെടുത്തിയ ബില്ലും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ട്; അതുകൊണ്ടു ബില്ലിനെ പര്യാലോചനയ്ക്കെടുക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ നാഗമയ്യാ അനുകൂലമായി പറഞ്ഞു.

അനുകൂല പ്രതികൂലഭാവങ്ങൾ നോക്കി അനുവദിക്കപ്പെട്ടു.

മിസ്റ്റർ രാമയ്യർ:—ബില്ലിലെ ൨-ാം വകുപ്പിനു പകരം താഴെ എഴുതുന്നതിനെ ചേർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

'ഒരു ഗവർന്മെന്റു ജീവനക്കാരന്റെ നിലയിൽ സർക്കാർ ജീവനക്കാരന്റെ കൈവശം ഉണ്ടായിരുന്നവയും, ആ സർക്കാർ ജീവനക്കാരൻ ഉത്തരവാദം ചെയ്യേണ്ടിയിരുന്നവയും ആയ വല്ല പണമോ, ആധാരങ്ങളോ, മറ്റു സ്വത്തുക്കളോ ആവശ്യപ്പെടുമ്പോൾ

ഒഴിക്കയോ കണക്ക പറകയോ ചെയ്യപ്പെടാതിരുന്നാൽ, അങ്ങനെയുള്ള പണത്തെയോ, ആധാരങ്ങളെയോ, മററു സ്വത്തുക്കളെയോ, അവയുടെ വിലയെയോ, അവ സർക്കാരിലേക്കു ചെല്ലേണ്ട കരക്കുടിശ്ശിഖയായിരുന്നാലെന്നപോലെ ൧൦൯൯-ാമാണ്ടത്തെ ൨-ാം റെഗുലെഷനായ കരപ്പിരിവു റെഗുലെഷനിലെ വ്യവസ്ഥകൾ അനുസരിച്ചു, അങ്ങനെയുള്ള സർക്കാർ ജീവനക്കാരനിൽ നിന്നും, ആ പണത്തെയോ, ആധാരങ്ങളെയോ, സ്വത്തുക്കളെയോ മറച്ചുവെക്കുന്നതിൽ സഹായിച്ചതായി കാണപ്പെടാവുന്ന വല്ല മററു സർക്കാർ ജീവനക്കാരനിൽ നിന്നും ഈടാക്കാവുന്നതാകുന്നു. എന്നാൽ സർക്കാർ ജീവനക്കാരനു പ്രതിയുടെ നിലയിൽ തന്റെ ഭാഗം പറയുന്നതിനു അവസരം ഉണ്ടാകത്തക്ക വിധത്തിൽ ഒരു വിചാരണ നടന്നതിൽ പിന്നീടു, സർക്കാർ ജീവനക്കാരന്റെ ചുമതല ഇത്രയെന്നു ആജ്ഞാപിച്ചു അതിലേക്കു അയാൾ കണക്കു പറയണം എന്നു ദിവാൻ ഉത്തരവു ചെയ്യുന്നതുവരെ മുമ്പു പറഞ്ഞ പണമൊ, ആധാരങ്ങളൊ മററു സ്വത്തുക്കളൊ ഈടാക്കുന്നതിലേക്കു അങ്ങനെയുള്ള യാതൊരു നിയാമകമായ നടപടിയും ചെയ്യപ്പെടുന്നതല്ല.

(൨) ൨-ാം വകുപ്പിൽ വിവരിച്ചിട്ടുള്ളതുപോലെ പ്രാരംഭ വിചാരണ ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനാകട്ടെ ഒരു സർക്കാർ ജീവനക്കാരന്റെ നടത്തയെപ്പററി ക്രമവിചാരണ ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനാകട്ടെ, മേൽപ്പറഞ്ഞതുപോലെ സർക്കാർ ജീവനക്കാരനിൽ നിന്നു പണമൊ, ആധാരങ്ങളൊ, മററു സ്വത്തുക്കളൊ ഈടാക്കുന്നതിലേക്ക സർക്കാർ ജീവനക്കാരന്റെ സ്വത്തുക്കളെ ഉടൻ ജപ്തി ചെയ്യുന്നതു ആവശ്യമാണെന്നു കണ്ടാൽ, അയാൾ അതിലേക്കുള്ള കാരണങ്ങൾ റിക്കാർഡു ചെയ്തതിൽപിന്നെ, ആ സ്വത്തുകൾ ഏതു താലൂക്കിലിരിക്കുന്നുവൊ അതിൽ അധികാരമുള്ള തഹശീൽദാർ മുഖാന്തരം സർക്കാർ ജീവനക്കാരന്റെ സ്ഥാവരജംഗമ സ്വത്തുക്കളെ ജപ്തി ചെയ്യിക്കേണ്ടതാകുന്നു.

എന്നാൽ,

ജപ്തി ചെയ്യുന്നതിലേക്കുള്ള അപേക്ഷയോടുകൂടി, ഈടാക്കേണ്ടുന്ന പണത്തിനും, ആധാരങ്ങൾക്കും മററു സ്വത്തുകളും തിരിയെ ഏല്പിച്ചുകൊള്ളണം എന്നു ഒരു ഡിമാൻഡു നൊട്ടീസും അവയുടെ ഉദ്ദേശ വിലയും എല്ലാ സംഗതിയിലും ഉണ്ടായിരിക്കേണ്ടതാകുന്നു. അപ്രകാരം ജപ്തി ചെയ്യുന്നതിനു മുമ്പിൽ സർക്കാർ ജീവനക്കാരൻ ഡിമാൻഡിനെ ബോദ്ധ്യപ്പെടുത്തുകയൊ മതിയായ ജാമ്യം കൊടുക്കയൊ ചെയ്യുന്നപക്ഷം, തഹശീൽദാർ ആ സ്വത്തുക്കളെ ജപ്തി ചെയ്യാവുന്നതല്ല.

(൨) ചുമതലയുടെ ഉദ്ദേശമായുള്ള സംഖ്യയെയും ജപ്തിക്കും വില്പനക്കും ഉള്ള ചിലവിനെയും അപേക്ഷിച്ചു ജപ്തി ചെയ്യപ്പെട്ട സ്വത്തുകൾ അധികമായിരിക്കരുതു്.

(൩) ജപ്തിക്ക ഉത്തരവു ചെയ്യുന്ന ഉദ്യോഗസ്ഥനു തൃപ്തിയാകത്തക്കവണ്ണം ജാമ്യം കൊടുത്താൽ, ജപ്തിയെ നീക്കേണ്ടതാകുന്നു.

(൪) ഒന്നാം ഖണ്ഡം അനുസരിച്ചു, സർക്കാർ ജീവനക്കാരൻ ബാദ്ധ്യസ്ഥനാണെന്നു ദിവാൻ ആജ്ഞാപിച്ചതിനു പിന്നീടു ജപ്തി സ്ഥിരപ്പെടുത്തപ്പെട്ടാലല്ലാതെ, ജപ്തി ചെയ്തു തീയതി മുതൽ മൂന്നു മാസം കഴിഞ്ഞാൽ, ഈ ഖണ്ഡം അനുസരിച്ചു ചെയ്ത ജപ്തി നീങ്ങിപ്പോകുന്നതാകുന്നു.

(൫) ഈ ഖണ്ഡപ്രകാരം അനുസരിച്ചു കൊടുക്കപ്പെടുന്ന ഉത്തരവുകളെ ദിവാൻ സ്വന്തം അഭിപ്രായത്തിന്മേലൊ, ആ സർക്കാർ ജീവനക്കാരൻ കൊടുക്കുന്ന അപ്പീലിന്മേലൊ പരിശോധിക്കാവുന്നതുമാകുന്നു.

൩. സർക്കാർ ജീവനക്കാരൻ ബാദ്ധ്യസ്ഥനാണെന്നു ആജ്ഞാപിച്ചു ൧-ാം ഖണ്ഡം അനുസരിച്ചു കൊടുക്കപ്പെടുന്ന ഏതു അവസാനമായ ഉത്തരവിന്മേലും സിവിൽ കോട്ടുകളിൽ വ്യവഹാരം ചെയ്തു പരിഹാരം വരുത്തിക്കൊള്ളുന്നതിനെ ഈ വകുപ്പിലുള്ള യാതൊന്നും തടുക്കുന്നതല്ല.

എന്നാൽ ആ വിധം വ്യവഹാരം ആ ഉത്തരവിലെ തീയതി മുതൽ ആറു മാസത്തിനകംബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

വിവരണം:—സിവിൽ നടപടി നിയമം ൮൦-ാം വകുപ്പിൽ എന്തുതന്നെ പറഞ്ഞിരുന്നാലും, വ്യവഹാരത്തെപ്പററി നൊട്ടീസു കൊടുത്തിട്ടില്ലെന്നൊ വ്യവഹാരപ്പെടുന്നതിനെപ്പററി നൊട്ടീസു കൊടുത്തതിൽപിന്നെ രണ്ടു മാസം കഴിഞ്ഞിട്ടില്ലെന്നൊ ഉള്ള കാരണത്തിന്മേൽ, അങ്ങനെയുള്ള വ്യവഹാരത്തിനു യാതൊരു തടസ്ഥവും ഉണ്ടായിരിക്കുന്നതല്ല."

ഈ ഭേദഗതികളുടെ വിഷയത്തിൽ സഭ കമ്മിററിയായി ചെന്നു ഭേദഗതികളെപ്പററി പൎയ്യാലോചിച്ചു ഈ നിയമത്തിന്റെ ഉദ്ദേശ്യത്തെ സാധിപ്പിക്കുന്നതിലേക്ക ഏററവും ഉചിതമായ വ്യവസ്ഥകളെ സ്വീകരിക്കുന്നതാകുന്നു അത്യന്തം സുകരമായ മാൎഗ്ഗം. ഈ മാൎഗ്ഗം ഇതിനു മുമ്പും ചിലപ്പോൾ അനുവൎത്തിക്കപ്പെട്ടിട്ടുണ്ട്. ഈ നടപടിയുടെ കാൎയ്യത്തെ കമ്മിററി തീൎച്ചപ്പെടുത്തുന്നതുവരെ ഭേദഗതിക്ക അനുകൂലമായിട്ടുള്ള എന്റെ വാദങ്ങളെ ഞാൻ പ്രസ്താവിക്കുന്നില്ല.'

മിസ്റ്റർ കരുവിള:—ബലവത്തായ ഒരു പ്രത്യേക കമ്മിററിയാൽ പൎയ്യാലോചിതമായ ഒരു ബില്ലിനെ പരിശോധിക്കുന്നതിനുള്ള അഭിപ്രായമാകയാലും അഭിപ്രായപ്പെട്ടിട്ടുള്ള ഭേദഗതി യുക്തിയുക്തമാകയാലും, സഭാസമക്ഷം ഉള്ള ഈ അഭിപ്രായത്തിനു ഞാൻ അനുകൂലനാകുന്നു.

അനന്തരം ഒരു വാദം നടന്നു; സൎക്കാർ ജീവനക്കാരുടെ നടത്തയെ പരിശോധിക്കുന്നതിലേക്ക സൌകൎയ്യം ഉണ്ടാകുന്നതിനു മാത്രമായി ഉദ്ദേശിക്കപ്പെട്ട ൧൦൭൨-ാമാണ്ടത്തെ ൩-ാം റെഗുലേഷനിലെ ഒരു ഭാഗമായിട്ട ബില്ലിലടങ്ങീട്ടുള്ള പുതിയ വ്യവസ്ഥകളെ ചേൎക്കുന്നതിന്റെ ഔചിത്യത്തെപ്പററി സഭ പൎയ്യാലോചിച്ചു. സഭയുടെ ഭൂരിപക്ഷാഭിപ്രായം ഒരു പ്രത്യേക ബിൽ പ്രയോഗിക്കണമെന്നും, അതു നിവൃത്തിയുള്ളിടത്തോളം ൧൮൫൦-ാം വൎഷത്തെ ൩൭-ാം നമ്പർ ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിന്റെയും ൧൮൭൦-ാം വൎഷത്തിലെ ൪-ാം നമ്പർ ബോംബെ ആക്ടിന്റെയും രീതിയിലായിരിക്കണമെന്നും ആയിരുന്നു.

സഭയുടെ സമ്മതത്തോടുകൂടി, ബില്ലിനെ പിൻവലിക്കാമെന്നു മിസ്റ്റർ ഗോവിന്ദപ്പിള്ള അപ്പോൾ പ്രസ്താവിച്ചു.

അപ്രകാരം അനുവാദം നൽകപ്പെട്ടു.

കൎണ്ണംഘന റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ.

മിസ്റ്റർ രാജാരാമരായർ:—ഈ ബില്ലിന്മേൽ പ്രത്യേക കമ്മിററിയുടെ റിപ്പോൎട്ടിനെ ഞാൻ സമൎപ്പിച്ചുകൊള്ളുന്നു. റിപ്പോൎട്ടും ഭേദപ്പെടുത്തിയ ബില്ലും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചട്ടങ്ങൾ അനുസരിച്ചു ആവശ്യമുള്ളപ്രകാരം പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ ൧൫ ദിവസത്തെ ഇട ഉണ്ടായിട്ടില്ലാത്തതിനാൽ ബില്ലിന്റെ പൎയ്യാലോചനത്തെ, അടുത്ത യോഗത്തിലേക്ക നീക്കിവെക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ രാമയ്യർ അനുകൂലമായി പറഞ്ഞു.

അനുകൂല പ്രതികൂലഭാവങ്ങൾ നോക്കി അനുമതിക്കപ്പെട്ടു.

ഭ്രാന്തന്മാരുടെ വക ബിൽ.

മിസ്റ്റർ ഗോവിന്ദപ്പിള്ള.—ഞാൻ അറിയിപ്പു തന്നിട്ടുള്ള ഭേദഗതികളെക്കുറിച്ചു പറയാം. ഞാൻ പതിവു പോലെ വകുപ്പുകളുടെ മുറക്ക ഓരോന്നായി പ്രയോഗിക്കാം.

൨-ാം വകുപ്പ്, (ഡി) ഖണ്ഡം

മിസ്റ്റർ ഗോവിന്ദപ്പിള്ള.—'ഭ്രാന്തശാല' എന്നതിന്റെ ലക്ഷണത്തെ താഴെ എഴുതിയിരിക്കുംപോലെ മാററി എഴുതണം.

"'ഭ്രാന്തശാല' എന്നാൽ ൩-ാം വകുപ്പനുസരിച്ചു ഭ്രാന്തശാലയായി നിയമിക്കപ്പെട്ടിരിക്കുന്ന ഒരു സ്ഥലം എന്നു അൎത്ഥം ആകുന്നു."

ഈ ഭേദഗതി കേവലം വാക്പ്രയോഗത്തിൽ ഉള്ളതാകുന്നു.

മിസ്റ്റർ നാഗമയ്യാ അനുകൂലമായി പറഞ്ഞു.

അനുമതിക്കപ്പെട്ടു

൨-ാം വകുപ്പ്, (ഇ) ഖണ്ഡം.

മിസ്റ്റർ ഗോവിന്ദപ്പിള്ള.—ഈ ഖണ്ഡത്തിനു പകരം താഴെ എഴുതിയിരിക്കുന്നതിനെ ചേൎക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു."

"ഡിവിഷൻ പേഷ്കാർ" എന്നതിൽ ഒരു ഡിവിഷൻ പേഷ്കാരുടെ അധികാരങ്ങളും നടത്തുന്നതിനു തൽക്കാലത്തേക്കു അധികൃതനായിരിക്കുന്ന ഓരോ ഉദ്യോഗസ്ഥനും ഉൾപ്പെടുന്നതാകുന്നു."

ഈ വാക്‌പ്രയോഗത്തിൽ ഉള്ള ഭേദഗതിതന്നെ; ഈ വാക്‌സംക്ഷേപത്തെയും വ്യക്തതയെയും സാധിപ്പിക്കാനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും ആകുന്നു.

മിസ്റ്റർ രാജാരാമരായർ അനുകൂലമായി പറഞ്ഞു

അനുമതിക്കപ്പെട്ടു.

൧൩-ാം വകുപ്പ്.

മിസ്റ്റർ ഗോവിന്ദപ്പിള്ള.—ൟ വകുപ്പിന്റെ ഒടുവിൽ "അപ്രകാരം തന്നെ ആ വക വല്ല പരസ്യത്തെയും ഭേദപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ ചെയ്യാവുന്നതും" എന്ന പദങ്ങളെ വിട്ടേക്കണം. ഇതിൽ പ്രസ്തുതമായ അധികാരം സാമാന്യ വാക്യ ഖണ്ഡം റെഗുലേഷൻ ൫-ാം വകുപ്പനുസരിച്ച് സിദ്ധിച്ചിരിക്കുന്നതുകൊണ്ട് ൟ പദങ്ങളും അനാവശ്യങ്ങളും ആകുന്നു.

മിസ്റ്റർ നായർ അനുകൂലമായി പറഞ്ഞു

അനുമതിക്കപ്പെട്ടു

൧൪-ാം വകുപ്പ്.

മിസ്റ്റർ ഗോവിന്ദപ്പിള്ള.—ൟ വകുപ്പിൽ ഉള്ള കണ്ടിഷത്തെ താഴെ എഴുതിയിരിക്കും പോലെ ഭേദപ്പെടുത്തണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

"എന്നാൽ ഭ്രാന്തൻ എന്നു വാദിക്കപ്പെട്ടിരിക്കുന്നയാളുടെ അപേക്ഷത്തീയതിക്കു മുമ്പുള്ള രണ്ടു കൊല്ലങ്ങളും കാലത്തിനിടക്കുള്ള പ്രവൃത്തികളെക്കുറിച്ചു മാത്രമേ തെളിവു സാധാരണമായി സ്വീകരിക്കാവു. എന്നാൽ ആ കാലത്തിനു മുമ്പെ ചെയ്ത പ്രവൃത്തികളെക്കുറിച്ചുള്ള തെളിവു കോർട്ട് അതിന്റെ യുക്തംപോലെ സ്വീകരിക്കാവുന്നതാകുന്നു"

ൟ ഭേദഗതി അർത്ഥത്തെ അധികം വ്യക്തവും വാക്‌പ്രയോഗത്തെ ഖണ്ഡിതവും ആക്കുന്നതിനായി മാത്രം ഉദ്ദേശിച്ചും ആകുന്നു.

മിസ്റ്റർ കരുവിള അനുകൂലമായി പറഞ്ഞു

അനുമതിക്കപ്പെട്ടു

൧൫-ാം വകുപ്പ്.

മിസ്റ്റർ ഗോവിന്ദപ്പിള്ള.—താഴെ എഴുതിയിരിക്കുന്ന കണ്ടിഷത്തെ ൟ വകുപ്പിനോടു ചേർക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു:—

"എന്നാൽ ഭ്രാന്തനെന്നു വാദിക്കപ്പെടുന്നയാളും ഭ്രാന്തൻ തന്നെ എന്നു വിശ്വസിക്കാനു പ്രഥമദൃഷ്ട്യാ കാരണങ്ങളും ഉള്ളതായി ഡിസ്ട്രിക്ട് കോർട്ടിനു ബോദ്ധ്യം വരുന്നതായാൽ മുൻ പറഞ്ഞ വകുപ്പുകളിൻപ്രകാരമുള്ള വിചാരണക്കിടയിൽ അയാളുടെ വസ്തുവിനു തൽക്കാലമായ ഒരു മുതൽപിടിക്കാരനെ നിയമിക്കുന്നതിനു ൟ വകുപ്പിലുള്ള യാതൊന്നും തടസ്ഥപ്പെടുത്തുന്നില്ലാ."

ചില സംഗതികളിൽ വിചാരണ പൂർത്തിയാകാൻ ദീർഘകാലം വേണ്ടിവരും എന്നുള്ളതുകൊണ്ടും ഇടയ്ക്കുള്ള ഒരു ഉത്തരവു മൂലം വസ്തുവിനു മാനേജരെ നിയമിക്കാൻ കോർട്ടിനു അധികാരം ഉണ്ടായിരുന്നില്ലെങ്കിൽ അടുത്ത അവകാശിയോ താല്പര്യപ്പെട്ടയാളോ വസ്തുവിനെ ദോഷപ്പെടുത്തുകയും വിചാരണയുടെ ഉദ്ദേശത്തെ വിഫലമാക്കുകയും ചെയ്തേക്കാം എന്നുള്ളതുകൊണ്ടും ൟ അധികാരം ആവശ്യം ആകുന്നു.

മിസ്റ്റർ രാജാരാമരായർ അനുകൂലമായി പറഞ്ഞു

അനുമതിക്കപ്പെട്ടു

൧൬-ാം വകുപ്പ്.

മിസ്റ്റർ ഗോവിന്ദപ്പിള്ള.—ൟ വകുപ്പിനെ വിട്ടുകളകയും തൽസ്ഥാനത്തു താഴെ എഴുതിയിരിക്കുന്ന രണ്ടു വകുപ്പുകളെയും ചേർക്കയും ചെയ്യണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു:—

൧൭. ഈ റെഗുലേഷൻ അനുസരിച്ചു നിയമിക്കപ്പെടുന്ന ഓരോ രക്ഷകനും ഉടമസ്ഥൻ ബ്രാന്തനല്ലായിരുന്നാൽ നടത്താവുന്നതായ അധികാരങ്ങളെ വസ്തുവിന്റെ ഭരണത്തിൽ നടത്തേണ്ടതും, ബ്രാന്തന്റെ വസ്തുവിനു ചെല്ലേണ്ടതോ വസ്തുവിൽ നിന്നു കൊടുക്കപ്പെടേണ്ടതോ ആയ എല്ലാ ന്യായമായ അവകാശങ്ങളെയും കടങ്ങളെയും മുതലുകളെയും പിരിക്കയും കൊടുക്കയും ചെയ്യേണ്ടതും ആകുന്നു. എന്നാൽ കോട്ടിന്റെ പ്രത്യേകമായ ഉത്തരവു കൂടാതെ യാതൊരു രക്ഷകനും വസ്തുവിനെയോ അതിന്റെ വല്ല ഭാഗത്തെയോ തീർപ്പു കൊടുക്കയോ ഒററികൊടുക്കയോ അഞ്ചു കൊല്ലങ്ങളിൽ കവിഞ്ഞ കാലത്തേക്കു പാട്ടത്തിനു കൊടുക്കയോ ചെയ്യുന്നതിനു അധികാരം ഇല്ലാത്തതാകുന്നു.

രക്ഷകന്മാരുടെ അധികാരങ്ങൾ

൧൮. ബ്രാന്തന്റെ വസ്തുവിനു രക്ഷകനായി നിയമിക്കപ്പെട്ടിരിക്കുന്ന ഓരോ ആളും ബ്രാന്തന്റെ വകയായ ദ്രവ്യത്തിന്റെയും ആ വസ്തു നിമിത്തമായി താൻ സ്വീകരിക്കുന്ന ആ വിധം എല്ലാ പണത്തിന്റെയും പണ്ടങ്ങളുടെയും സാമാനങ്ങളുടെയും ഒരു പട്ടികയും അതിലേക്കു ചെല്ലേണ്ടതോ അതിൽനിന്നു ചെല്ലേണ്ടതോ ആയ എല്ലാ കടങ്ങളുടെയും വിവരണവും അയാളെ നിയമിച്ച തീയതി മുതൽ ആറു മാസത്തിനകം കോട്ടിൽ ഏല്പിക്കേണ്ടതാകുന്നു. ആ വിധം ഓരോ രക്ഷകനും കൊല്ലത്തിൽ ആ വസ്തുവിനെ സംബന്ധിച്ച വരവും ചിലവും കയ്യിൽ ബാക്കിയിരിപ്പും ആയ തുകകളുടെ വിവരം കാണിച്ചു തന്റെ വശത്തിൽ ഉള്ള വസ്തുവിന്റെ ഒരു കണക്കു ആ ആണ്ടു അവസാനിച്ചു മൂന്നുമാസം കാലത്തിനകം ആണ്ടുതോറും കോട്ടിലേക്കു അയക്കേണ്ടതാകുന്നു. ബ്രാന്തന്റെ വല്ല ബന്ധുവോ വല്ല സർക്കാർ ഉദ്യോഗസ്ഥനോ മേല്പറഞ്ഞ പട്ടികയുടെയും കണക്കിന്റെയും ആകട്ടെ അല്ലെങ്കിൽ ആണ്ടുതോറും അയക്കുന്ന വല്ല കണക്കിന്റെയും ആകട്ടെ ശരിയായ്മയെ കോട്ടിലേക്കു മറിച്ചുകാട്ടി വിവദിക്കുന്നതായാൽ കോട്ടു ആ രക്ഷകനെ സമൻസയച്ചു വരുത്തുകയും ആ സംഗതിയിൽ സമരിയായ വിചാരണ നടത്തുകയും കോട്ടിനു യുക്തം എന്നു തോന്നുന്ന ഉത്തരവു കൊടുക്കയും ചെയ്യാവുന്നതാകുന്നു."

രക്ഷകന്മാർ വസ്തുവിവരത്തിനു പട്ടികയും ആണ്ടുതോറും കണക്കും അയക്കണം എന്ന

പട്ടികയുടെയോ കണക്കുകളുടെയോ ശരിയായ്മയെക്കുറിച്ചു തർക്കം വന്നാൽ നടപടി

ഈ രണ്ടു വകുപ്പുകളും ൧൮൫൮-ാം വർഷത്തിലെ ൩൫-ാം നമ്പർ ബ്രിട്ടീഷ് ഇൻഡ്യൻ ആക്ട ൧൫-ം ൧൬-ം വകുപ്പുകളും നോക്കി ഇവിടെ ചേർത്തിട്ടുള്ളതാകുന്നു. ഇവയിൽ ഒരു രക്ഷകന്റെ ധർമ്മങ്ങളും, അവകാശങ്ങളും, മുതലുകളും ഇവയെക്കുറിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ വ്യക്തമായ വിധത്തിൽ അടങ്ങിയിരിക്കുന്നു. ആദ്യത്തെ ൧൭-ാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുംപോലെ മറെറാരു നിബന്ധനയുണ്ടാക്കുന്നതിൽപരം റെഗുലേഷനിൽ തന്നെ പ്രത്യേകമായ വ്യവസ്ഥകളെ ഉൾപ്പെടുത്തുന്നതു സർവ്വഥാ അഭിലഷണീയം ആകുന്നു.

മിസ്റ്റർ നാഗമയ്യാ അനുകൂലമായി പറഞ്ഞു.

അനുമതിക്കപ്പെട്ടു

൨൦-ാം വകുപ്പ്.

മിസ്റ്റർ ഗോവിന്ദപ്പിള്ള.—ആദ്യത്തെ വരിയിൽ "റെഗുലേഷനിലെ" എന്നതിനു അടുത്തു '൧൯-ാം വകുപ്പു (൨-ാം ഖണ്ഡത്തിലെയോ) എന്നു ചേർക്കണം. ഈ ഭേദഗതി അറിയാതെ വിട്ടുപോയ ഒരു സംഗതിയെ ചേർക്കുന്നതിനു ഉദ്ദേശിക്കുന്നേയുള്ളു'.

മിസ്റ്റർ രാജാരാമരായർ അനുകൂലമായി പറഞ്ഞു

അനുമതിക്കപ്പെട്ടു

മിസ്റ്റർ ഗോവിന്ദപ്പിള്ള.—ഈ വകുപ്പു കഴിഞ്ഞു താഴെ ചേർത്തിരിക്കുന്ന പുതിയ വകുപ്പിനെ ചേർക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

൨൦. ൧൯-ാം വകുപ്പു (൨)-ം ഖണ്ഡം അനുസരിച്ചോ ൨൫-ം ൨൬-ം വകുപ്പുകളിൽ വല്ലതും അനുസരിച്ചോ താമസിപ്പിക്കപ്പെട്ടിരിക്കുന്ന ഒരു ബ്രാന്തന്റെ നേർക്കു ക്രൂരതയോ ഉപേക്ഷയോ കാണിച്ചതായാകട്ടെ, അവനെ സൂക്ഷിക്കയും അടക്കി വെക്കയും ചെയ്യുന്നതിൽ ഉപേക്ഷ കാണിച്ചതു ഹേതുവായി പൊതുജനങ്ങൾക്കു അസൌഖ്യോപദ്രവം ഉണ്ടായിട്ടുണ്ടെന്നായാകട്ടെ കുററം ചുമത്തപ്പെട്ടിരിക്കുന്നയാളിന്റെ മേൽ ൨൭-ാം വകുപ്പനുസരിച്ചു അധികൃതനായ ഒരു മ

ഒരു ബ്രാന്തന്റെ നേർക്കു ക്രൂരതയോ ഉപേക്ഷയോ ശിക്ഷ

മജിസ്ട്രേട്ടിന്റെ മുമ്പാകെ [illegible] സ്ഥാപനങ്ങളുടെ [illegible] വരുന്ന കാലത്തേക്കു [illegible] രൂപായിൽ [illegible] വിധിക്കപ്പെടുന്നതാകുന്നു."

രക്ഷകന്മാർ [illegible] വകുപ്പിൽ പ്രസ്താവിച്ചിരിക്കുംപോലെ [illegible] കാണിച്ചാൽ ശിക്ഷിക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുള്ളതു [illegible] ആവശ്യമാകുന്നു.

മിസ്റ്റർ [illegible] അനുകൂലമായി പറഞ്ഞു

അനുമതിക്കപ്പെട്ടു

[illegible]-ാം വകുപ്പു.

മിസ്റ്റർ ഗോവിന്ദപ്പിള്ള.—[illegible]ാം വരിയിൽ "[illegible]" എന്നതിനു പകരം "[illegible] ആചാരക്കാരനായ" എന്നു ചേർക്കണം.

ഈ വാക്പ്രയോഗത്തെ ബന്ധിപ്പിക്കാനായി മാത്രം ഉള്ള ഭേദഗതിയാകുന്നു.

മിസ്റ്റർ [illegible] അനുകൂലമായി പറഞ്ഞു

അനുമതിക്കപ്പെട്ടു

മിസ്റ്റർ ഗോവിന്ദപ്പിള്ള.—ഇപ്പോൾ സ്വീകരിക്കപ്പെട്ട ഭേദഗതികൾക്കു [illegible]യി വകുപ്പുകളുടെ [illegible] മാറ്റിയെഴുതണം എന്നും ഭേദപ്പെടുത്തിയ ബില്ലിനെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണം എന്നും ഇനിമേൽ അറിയിപ്പു കൊടുക്കേണ്ടതായ ഒരു ദിവസം ഇതിനെ ഒടുവിലത്തെ പര്യാലോചനത്തിനായി എടുക്കണം എന്നും ഞാൻ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ [illegible] അനുകൂലമായി പറഞ്ഞു

അനുകൂല പ്രതികൂല ഭാവങ്ങൾ നോക്കി സ്വീകരിക്കപ്പെട്ടു.

മുദ്രപത്രം ബിൽ.

മിസ്റ്റർ കേശവപിള്ള :— മുദ്രകളെ സംബന്ധിച്ച നിയമത്തെ ഏകീകരിക്കുന്നതിനും ഭേദപ്പെടുത്തുന്നതിനും ആയുള്ള ബില്ലിനെപ്പറ്റി പ്രത്യേക കമ്മിറ്റിക്കാരുടെ റിപ്പോർട്ടിനെ ഞാൻ സമർപ്പിക്കുന്നു.

ബില്ലിനെ കമ്മിറ്റിക്കാർ സൂക്ഷ്മമായി ഗുണദോഷ വിവേചനം ചെയ്തു അതിലെ വ്യവസ്ഥകളെ അവർ അനേകം സംഗതികളിൽ ഭേദപ്പെടുത്തിയിട്ടുള്ളതിനെ റിപ്പോർട്ടിൽ വിവരിച്ചിട്ടുണ്ടു.

ഭേദഗതികളിൽ മിക്കവയും നിസ്സാരങ്ങൾ [illegible] വളരെ ആവശ്യമായുള്ളവയാകുന്നു. പ്രധാന ഭേദഗതി [illegible] കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്ന [illegible] പരിശോധനയും [illegible] അധികാരങ്ങളെ സംബന്ധിച്ചവയാകുന്നു. ഇപ്പോൾ [illegible] പ്പിനെ ഭേദപ്പെടുത്തുന്നതായാൽ അനാവശ്യമായ കഷ്ടങ്ങൾക്കും [illegible] ത്തിനും ഇടയാകും എന്നു കമ്മിറ്റി വിചാരിക്കുന്നു. അതുകൊണ്ടു [illegible] വച്ചിരിക്കുന്ന [illegible] ചെയ്യാൻ വിധിക്കുന്ന [illegible] കളിന്മേൽ [illegible] ഉള്ള കേസുകൾക്കു മാത്രം [illegible] എന്നു അവർ നിയന്ത്രണം ചെയ്തിരിക്കുന്നു. ഇതനുസരിച്ചു ബില്ലിലെ [illegible] വകുപ്പുകളെ [illegible] വിട്ടിരിക്കുന്നു. [illegible] വകുപ്പിനു ഒരു പുതിയ [illegible] ചേർത്തിരിക്കുന്നു.

ബില്ലിൽ നിശ്ചയിച്ചിരിക്കുംപോലെ ഡിവിഷൻ [illegible] യുക്തതയെ നിയന്ത്രണം ചെയ്യുന്നതു ഉചിതം [illegible] പിഴയെ മടക്കി കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള ഇപ്രകാരത്തെ നിയമത്തെ മേലും വച്ചുകൊണ്ടിരിക്കുന്നതു യുക്തമാണെന്നു കമ്മിറ്റി വിചാരിക്കുന്നു.

ഇപ്രകാരത്തെ റെഗുലേഷനില്ല, ഉള്ളതായ ബില്ലിലെ [illegible] വകുപ്പിനെ വിട്ടിരിക്കുന്നു. [illegible] നിയമത്തെ ലംഘിക്കുന്ന വക്കീൽമാർക്കു ക്രിമിനൽ കോർട്ടിൽനിന്നു നിശ്ചയിക്കാവുന്ന ശിക്ഷകൾ കൂടാതെ പ്രത്യേകം ശിക്ഷ വേണം എന്നുള്ളതിനു യാതൊരു ആവശ്യവും ഇല്ല.

ചില സംഗതികളിൽ ബില്ലിൽ നിശ്ചയിച്ചിരിക്കുംപോലെയുള്ള കൂടുതൽ മുദ്രവിലയെ കൂടുതലാക്കീട്ടില്ല. ഇപ്പോഴത്തെ റെഗുലെഷനാൽ കണക്കപ്പെടുത്തപ്പെട്ടിരിക്കുന്ന തുകയെ തന്നെ സ്വീകരിച്ചിരിക്കുന്നു. ക്രിമിനൽ കോൎട്ടുകളിൽ വ്യവഹരിക്കുന്നതിനു സന്നതുകൾക്കുള്ള മുദ്രവിലയുടെ വിഷയത്തിൽ ഒരു ഡിസ്ത്രിക്ടിലുള്ള എല്ലാ കോൎട്ടുകളിലും വ്യവഹരിക്കുന്നതിനായി വാങ്ങിക്കുന്ന സന്നതിനും ഒരു സബ്ബ് മജിസ്ത്രേട്ടു കോൎട്ടിൽ മാത്രം വ്യവഹരിക്കുന്നതിനുള്ള സന്നതിനും തമ്മിൽ ഭേദം ചെയ്തിരിക്കുന്നു. രണ്ടാമത്തെ സംഗതിയിൽ കുറഞ്ഞ മുദ്രവില നിശ്ചയിച്ചിട്ടുണ്ടു.

പ്രത്യേക കമ്മിററിയുടെ റിപ്പോൎട്ടിനെയും അവർ ഭേദപ്പെടുത്തിയ ക്രമത്തിനുള്ള ബില്ലിനെയും ഗസെററിൽ പ്രസിദ്ധപ്പെടുത്തണം എന്നും അടുത്ത യോഗത്തിൽ സഭയിൽ നിന്നു പൎയ്യാലോചനത്തിനായി എടുക്കണം എന്നും ഞാൻ ഈ അപേക്ഷയോടുകൂടി അഭിപ്രായപ്പെടുന്നു.

മിസ്റ്റർ കരുവിള അനുകൂലമായി പറഞ്ഞു.

അനുകൂല പ്രതികൂലഭാവം നോക്കി സമ്മതിക്കപ്പെട്ടു.

യോഗം വൈകുന്നേരം മണി ൫ അടിച്ചു ൧൦ മിനിട്ടായപ്പോൾ പിരിഞ്ഞു.

വി. പി. മാധവരായർ,
പ്രസിഡണ്ടു.

സൎക്കാർ ജീവനക്കാരുടെ നടപടി തെറ്റുകൊണ്ടു ഗവൎമ്മെന്റിലേക്കു നഷ്ടം വരാതെ തടുക്കുന്നതിനായുള്ള താഴെ എഴുതിയിരിക്കുന്ന ബിൽ, സാദ്ധ്യകാൎയ്യവിവരണ സഹിതം സകല ജനങ്ങളും അറിയാനായി നിയമനിൎമ്മാണ സഭയുടെ ജോലി നടത്തിപ്പുള്ള ചട്ടങ്ങൾ ൧൯-ാം വകുപ്പനുസരിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

തിരുവിതാംകോട്ടു നിയമനിൎമ്മാണ സഭയിൽ പ്രയോഗിക്കേണ്ടതായ ബിൽ.

സൎക്കാർ ജീവനക്കാരുടെ നടപടി തെറ്റുകൊണ്ടു ഗവൎമ്മെന്റിലേക്കു നഷ്ടം വരാതെ തടുക്കുന്നതിനുള്ള ഒരു റെഗുലേഷൻ.

സൎക്കാർ ജീവനക്കാരുടെ നടപടി തെറ്റുകൊണ്ടു ഗവൎമ്മെന്റിലേക്കു നഷ്ടം വരാതെ തടുക്കേണ്ടതു യുക്തമായിരിക്കയാൽ ഇതിനാൽ നിയമപ്പെടുത്തുന്നതു എന്തെന്നാൽ

൧. സൎക്കാർ ജീവനത്തിൽ താൻ വഹിച്ചിരിക്കുന്ന വല്ല ജീവനവും ഹേതുവായി വല്ല പണങ്ങളുടെയോ പണത്തിനുള്ള ഉറപ്പുകളുടെയോ പബ്ലിക് പത്രങ്ങളുടെയോ ഗവൎമ്മെന്റു വകയായ മറ്റു വസ്തുവിന്റെയോ വാങ്ങിക്കലോ സൂക്ഷിപ്പോ ഭരണമോ വിശ്വസിച്ചു ഏല്പിക്കപ്പെട്ടിരിക്കുന്നയോ അല്ലെങ്കിൽ അഫിഷ്യൽ അസൈനിയായിട്ടോ ട്രസ്റ്റിയായിട്ടോ മറ്റു വല്ല ഉദ്യോഗാവസ്ഥയിലോ വല്ല പണങ്ങളുടെയോ പണത്തിനുള്ള ഉറപ്പുകളുടെയോ വല്ല ആധാരംകൊ ആഭരണംകൊ വല്ല പ്രതിഷ്ഠകൊ ചെന്ന വസ്തുവിന്റെയോ വാങ്ങിക്കലോ സൂക്ഷിപ്പോ ഭരണമോ വിശ്വസിച്ചു ഏല്പിക്കപ്പെട്ടിരിക്കുന്നയോ എല്ലാ ആളും ഈ റെഗുലേഷന്റെ അൎത്ഥത്തിൽ ഉൾപ്പെടുന്ന "സൎക്കാർ കണക്കൻ" ആകുന്നു.

൨. വല്ല സൎക്കാർ കണക്കന്റെയോ മുമ്പിൽ ആ വിധം ജോലിയിലിരുന്നിരുന്ന വല്ല ആളുടെയോ പേരിൽ സൎക്കാർ പണത്തിനോ പത്രങ്ങൾക്കോ മറ്റു സ്വത്തിനോ ആയി ഗവൎമ്മെന്റിനു വല്ല അവകാശവും ഉണ്ടായിരിക്കാവുന്ന എല്ലാ സംഗതികളിലും, ആ സൎക്കാർ കണക്കനോ ആളോ തന്റെ ഡിപ്പാൎട്ടുമെന്റിൽ ജീവനമായിരിക്കയോ ജീവനമായിരുന്നിരിക്കയോ ചെയ്യുന്നതായാൽ ഡിവിഷൻ പേഷ്കാർ സ്വയമേവയും, അല്ലെങ്കിൽ ആ സൎക്കാർ ജീവനക്കാരനോ ആളോ തന്റെ ഡിസ്ട്രിക്ടിൽ ഉള്ള ഒരു ഡിപ്പാൎട്ടുമെന്റിൽ ജീവനമായിരിക്കയോ ജീവനമായിരുന്നിരിക്കയോ ചെയ്താലോ ആ ഡിപ്പാൎട്ടുമെന്റിലെ മേലധികാരിയുടെ അപേക്ഷയിന്മേലും, താമസിപ്പിച്ചു വച്ചിരിക്കുന്ന ആ പണത്തെയോ പ്രത്യേക പത്രങ്ങളെയോ വസ്തുവിനെയോ ആ ലേഖനം കൊണ്ടുവരുന്ന ആളിനെ ഉടൻതന്നെ ഏല്പിക്കേണമെന്നാകട്ടെ അല്ലെങ്കിൽ ആ ലേഖനത്തിൽ വിവരിച്ചിരിക്കാവുന്ന ആളിനെ അതിൽ വിവരിച്ചിരിക്കാവുന്ന തീയതിയിലും സ്ഥലത്തും ഏല്പിക്കേണമെന്നാകട്ടെ, തന്റെ ഉദ്യോഗമുദ്രയും ഒപ്പും വച്ചിട്ടുള്ള ഒരു ലേഖനത്താൽ, ആവശ്യപ്പെടാവുന്നതാകുന്നു.

മുൻപറഞ്ഞ സൎക്കാർ കണക്കനോ ആളോ ആജ്ഞാപിച്ചിരിക്കുംപോലെ പണം ഒടുക്കയോ പത്രങ്ങളെയോ മുതലിനെയോ ഏല്പിക്കയോ ചെയ്യാതിരിക്കുന്നതായാൽ ഡിവിഷൻ പേഷ്കാർ അവനെ പിടിപ്പിക്കയും അവൻ ഒടുക്കേണമെന്നോ ഏല്പിക്കേണമെന്നോ ആവശ്യപ്പെട്ടിരിക്കുന്ന പണത്തെ ഒടുക്കയോ പത്രങ്ങളെയോ മുതലിനെയോ ഏല്പിക്കയോ ചെയ്യുന്നതുവരെ സിവിൽ ജെയിലിൽ അവനെ പാൎപ്പിക്കുന്നതിനു വാറണ്ടോടുകൂടി അവനെ അയക്കയും ചെയ്യാവുന്നതാകുന്നു.

എന്നാൽ ആ വിധം വാറണ്ടിനെ ആധാരമാക്കി യാതൊരുത്തനെയും ഒരു മാസത്തിലധികംകാലത്തേക്കു തടവിൽ പാൎപ്പിക്കയും അരുതു.

൩. ഇതു കൂടാതെ മുൻപറഞ്ഞ സൎക്കാർ കണക്കനോ മറ്റു ആളോ കൊടുക്കേണ്ടതായ വല്ല സൎക്കാർ പണത്തെയും കുടിശ്ശിക എന്നപോലെ ഈടാക്കുന്നതിനു നടപടികളും ഡിവിഷൻ പേഷ്കാർ നടത്താവുന്നതും ഗവൎമ്മെന്റു വകയായ പബ്ലിക് പത്രങ്ങളെയോ മറ്റു മുതലിനെയോ തിരിയെ കിട്ടുന്നതിനായി ഒരു പരിശോധനവാറണ്ടു അയക്കാവുന്നതും അതിലേക്കു ൧൦൭൩-ാമാണ്ടത്തെ ൯-ാം റെഗുലേഷനായ ക്രിമിനൽ നടപടി നിയമം ൭-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ അനുസരിച്ചു ഒരു മാജിസ്ട്രേട്ടു നിയമാനുസാരേണ നടത്താവുന്നതായ സകലാധികാരങ്ങളെയും നടത്താവുന്നതും ആകുന്നു.

ഉദ്ദേശ്യകാര്യവിവരണം.

സക്കാർ ജീവനക്കാരുടെ നിലയിൽ ഏൽപ്പിച്ചിട്ടുള്ള പണങ്ങളെയോ മുതലിനെയോ നടപടിതെറ്റു കാണിക്കുന്ന സക്കാർ ജീവനക്കാരിൽനിന്നു കരക്കുടിശ്ശികപോലെ ഈടാക്കുന്നതായ ഈ സംസ്ഥാനത്തിലെ ചിരസ്ഥാപിതമായ പതിവിനു നിയമരൂപമായ സമ്മതത്തെ സമ്പാദിക്കുന്നതാകുന്നു ഈ ബില്ലിന്റെ ഉദ്ദേശ്യം. ഈ വിഷയത്തിൽ പ്രത്യേകം നിയമം ഉണ്ടായിരിക്കുന്നതു ഉചിതമാണെന്നു ഗണിച്ചു ൧൦൮൬-മാണ്ടത്തെ ൩-ാം റെഗുലേഷനെ ഭേദപ്പെടുത്തുന്നതായി നിയമനിർമ്മാണ സഭയിൽ പ്രയുക്തമായ ബിൽ സഭയുടെ കഴിഞ്ഞ യോഗത്തിൽ പിൻവലിക്കപ്പെട്ടു.

ഈ ബിൽ ൧൮൯൦-ലെ ൧൦-ാം നമ്പർ ബ്രിട്ടീഷ് ഇൻഡ്യൻ ആക്ട്, ൧൮൯൦-ലെ ൫-ാം നമ്പർ ബോംബെ ആക്ട് അനുസരിച്ച് എഴുതപ്പെട്ടിട്ടുള്ളതാകുന്നു. ഇതിൽ ൧-ാമത്തെ വകുപ്പു ആദ്യത്തെ നിയമത്തിലെ ൧-ാം വകുപ്പിനെയും ൨, ൩ വകുപ്പുകൾ ബോംബെ ആക്ടിലെ ൨൯-ം, ൩൦-ം വകുപ്പുകളെയും നോക്കി എഴുതിട്ടുള്ളവയാകുന്നു.

വി. ഐ. കേശവപിള്ള.

ഭ്രാന്തന്മാരുടെ ശരീരത്തെയും മുതലിനെയും രക്ഷിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള താഴെ എഴുതിയിരിക്കുന്ന ബിൽ നിയമനിർമ്മാണ സഭയിൽ നിന്നു ഭേദപ്പെടുത്തിയ സ്ഥിതിയിൽ ഉള്ളതു, സകല ജനങ്ങളും അറിയാനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഭ്രാന്തന്മാരുടെ ശരീരത്തെയും മുതലിനെയും സൂക്ഷിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള റെഗുലേഷൻ.

(സഭയിൽ നിന്നു ഭേദപ്പെടുത്തിയതു)

പീഠിക

ഭ്രാന്തന്മാരുടെ ശരീരത്തെയും മുതലിനെയും സൂക്ഷിക്കാൻ വ്യവസ്ഥ ചെയ്യേണ്ടതും ഭ്രാന്തന്മാരെന്നു വാദിക്കപ്പെടുന്ന ആളുകളുടെ ചിത്തസ്ഥിതിയെ വിചാരണ ചെയ്തു പരിച്ഛേദിക്കുന്നതിനു സാമാന്യമായി ചട്ടങ്ങൾ ഉണ്ടാക്കേണ്ടതും ഇതിലേക്കായി സ്ഥാപിച്ചിരിക്കുന്ന ഭ്രാന്തശാലകളിൽ ഭ്രാന്തന്മാരെ ഏറ്റു കൊള്ളുന്നതിലേക്കും താമസിപ്പിക്കുന്നതിലേക്കും മറ്റും വ്യവസ്ഥ ചെയ്യേണ്ടതും യുക്തമായിരിക്കയാൽ ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

പേരും ആരംഭവും

൧. ഈ റെഗുലേഷൻ "തിരുവിതാംകോട്ട് ഭ്രാന്തന്മാരുടെ വക റെഗുലേഷൻ" എന്നു വിളിക്കപ്പെടുന്നതും .... തീയതി മുതൽ നടപ്പാകുന്നതും ആകുന്നു.

വ്യാപ്തി

ഇതു തിരുവിതാംകോട്ടു സംസ്ഥാനം ഒട്ടുക്കു വ്യാപിക്കുന്നതാകുന്നു.

അർത്ഥങ്ങൾ

൨. ഈ റെഗുലേഷനിൽ കാര്യഭാഗം കൊണ്ടോ പൂർവ്വാപര വാചകം കൊണ്ടോ വിരുദ്ധമായി യാതൊന്നും ഇല്ലാത്ത പക്ഷം:—

(എ) "ഭ്രാന്തൻ" എന്നാൽ തന്റെ കാര്യങ്ങൾ നോക്കുന്നതിനു അശക്തനായി അസ്വസ്ഥചിത്തം ഉള്ള വല്ല ആളും എന്നു അർത്ഥം ആകുന്നു.

(ബി) "അപായകരനായ ഭ്രാന്തൻ" എന്നാൽ അപായകരനാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നെയും പൊതുജനങ്ങൾക്കു തടസ്ഥവും ഉപദ്രവവും ഉണ്ടാക്കുന്ന വിധത്തിൽ പൊതുതെരുവുകളിലും പൊതുവഴികളിലും സഞ്ചരിക്കുന്നതായി കാണപ്പെടുന്നെയും ഭ്രാന്തൻ എന്നു അർത്ഥം ആകുന്നു.

(സി) "ഭ്രാന്തശാല" എന്നാൽ ൩-ാം വകുപ്പനുസരിച്ചു ഭ്രാന്തശാലയായി നിയമിക്കപ്പെട്ടിരിക്കുന്ന ഒരു സ്ഥലം എന്നു അർത്ഥം ആകുന്നു.

(ഡി) "ഡിസ്ട്രിക്ട കോർട്ട്" എന്നതിനു സിവിൽ നടപടി നിയമത്തിൽ ആ പദത്തിനു ഉപയോഗിച്ചിരിക്കുന്ന അർത്ഥം ഉള്ളതാകുന്നു.

(ഇ) "ഡിവിഷൻപേഷ്കാർ" എന്നതിൽ ഒരു ഡിവിഷൻ പേഷ്കാരുടെ അധികാരങ്ങൾ നടത്തുന്നതിനു തൽക്കാലത്തേക്കു അധികൃതനായിരിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനും ഉൾപ്പെടുന്നതാകുന്നു.

ഭ്രാന്തശാല നിശ്ചയിക്കൽ

൩. നമ്മുടെ ദിവാൻ, സർക്കാർ ഗസറ്റിൽ പരസ്യംമൂലം വല്ല സ്ഥലത്തെയും ഈ റെഗുലേഷന്റെ ആവശ്യത്തിനു ഒരു ഭ്രാന്തശാലയായി നിശ്ചയിക്കാവുന്നതും ആ ശാലയിലേക്കു ഇന്നിന്ന പ്രദേശങ്ങളിൽ നിന്നു ഭ്രാന്തന്മാരെ അയക്കാമെന്നു വിവരിക്കാവുന്നതും ആകുന്നു.

ഭ്രാന്തശാലാ സൂപ്രണ്ടിനെ നിശ്ചയിക്കൽ

൪. ൫൯-ാം വകുപ്പിൻപ്രകാരം ഉണ്ടാക്കുന്ന വല്ല ചട്ടങ്ങൾക്കുംപ്പെട്ടു നമ്മുടെ അനുവാദത്തോടുകൂടി നമ്മുടെ ദിവാൻ തന്റെ അഭിപ്രായത്തിൽ ആവശ്യമെന്നു തോന്നുന്ന കീഴുദ്യോഗസ്ഥന്മാരോടുകൂടെ വല്ല ആളെയും ഒരു ഭ്രാന്തശാലാ സൂപ്രണ്ടായി നിശ്ചയിക്കാവുന്നതാകുന്നു.

വിസിറ്റർമാർ എന്ന പാർശ്വവെക്ഷകന്മാരെ നിയമിക്കൽ

൫. നമ്മുടെ ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, ഓരോ ഭ്രാന്തശാലക്കും ൩-ൽ കുറയാതെ എത്രയും പാർശ്വവെക്ഷകന്മാരെ നിയമിക്കാവുന്നതും അവരിൽ ഒരാൾ എങ്കിലും അസിസ്റ്റന്റ് സർജനെക്കാൾ സ്ഥാനം വലിപ്പം കുറയാത്ത ഒരു മെഡിക്കൽ ആഫീസരായിരിക്കേണ്ടതും ആകുന്നു. ഡർബാർ ഫിസിഷൻ ൩-ാം വകുപ്പനുസരിച്ചു സ്ഥാപിക്കപ്പെടുന്ന എല്ലാ ഭ്രാന്തശാലകൾക്കും ഉദ്യോഗാംഗമായി ഒരു പാർശ്വവെക്ഷകൻ ആയിരിക്കുന്നതാകുന്നു.

ചട്ടങ്ങൾ ഉണ്ടാക്കുവാൻ അധികാരം

൬. പൊതുവായി ഈ റെഗുലേഷനിലെ ആവശ്യങ്ങൾ നടത്തുവാനും പ്രത്യേകമായി—

(എ) ൧൮ാം വകുപ്പുപ്രകാരം വല്ല ഭ്രാന്തനേയും നടത്തുന്ന ഉദ്യോഗസ്ഥന്മാർ എല്ലാവരേയോ വല്ലവരേയോ അറിയിച്ചു നടക്കുന്നതിനും.

(ബി) ഈ ഭ്രാന്താലയങ്ങളുടെ വിചാരണ ചെയ്യുന്നതിനും അതിൽ അടച്ചുകിടക്കുന്ന ഭ്രാന്തന്മാരെ അതിൽ പാർപ്പിക്കപ്പെട്ടിരിക്കുന്നവരെ സൂക്ഷിക്കുന്നതിനും കാക്കുന്നതിനും,

ദിവാൻജി, നമ്മുടെ സമ്മതത്തോടുകൂടി ചട്ടങ്ങളും ഉണ്ടാക്കാം.

ഭ്രാന്തൻ വല്ല ആളും ഭ്രാന്തൻ ആകുന്നുവോ എന്നു തീർച്ചപ്പെടുത്തേണ്ടതിന്നു അപേക്ഷ കിട്ടിയാൽ ഡിസ്ട്രിക്ട് കോർട്ട് വിചാരണ നടത്താം

൧൭. മുതൽ ഉള്ള വല്ലയാളും ഭ്രാന്തൻ ആണെന്നു വാദിക്കപ്പെട്ടിരിക്കുമ്പോൾ എപ്പോഴും, ആയാൾ ഏതു ഡിസ്ട്രിക്ട് കോർട്ടിന്റെ അധികാരാതിർത്തിക്കകത്തു പാർക്കുന്നുവോ ആ ഡിസ്ട്രിക്ട് കോർട്ട്, ഹർജിയെ വിവരിച്ചിരിക്കുന്ന അപേക്ഷ കിട്ടിയാൽ, ആയാൾ അസ്വസ്ഥചിത്തനും തന്റെ കാര്യങ്ങളെ നടത്തുന്നതിനു അശക്തനും ആണോ അല്ലയോ എന്നു തീർച്ചപ്പെടുത്തുന്നതിലേക്കായി ഒരു വിചാരണ നടത്താവുന്നതാകുന്നു.

അപേക്ഷ ആരാണ് കൊടുക്കേണ്ടത്

൧൮. അങ്ങിനെ വിചാരണ നടത്തുന്നതിനുള്ള അപേക്ഷ ഭ്രാന്തൻ എന്നു വാദിക്കപ്പെട്ടിരിക്കുന്ന ആളിന്റെ വല്ല ബന്ധുവും പത്തു രൂപാ കോർട്ട്ഫീസു കെട്ടുന്നതായാൽ ആ ബന്ധുവോ അല്ലെങ്കിൽ നമ്മുടെ ദിവാന്റെ ഉത്തരവനുസരിച്ചു സർക്കാർ വക്കീലോ, അല്ലെങ്കിൽ ഭ്രാന്തൻ എന്നു വാദിക്കപ്പെട്ടിരിക്കുന്ന ആളിന്റെ മുതൽ മുഴുവനുമോ അതിൽ വല്ല ഭാഗമോ ഭൂമിയോ ഭൂമിയിലുള്ള വല്ല ബാദ്ധ്യതയോ ആയിരുന്നാൽ ആ ഭൂമി കിടക്കുന്ന ഡിസ്ട്രിക്ടിലെ ഡിവിഷൻ പേഷ്കാരോ കൊടുക്കേണ്ടതാകുന്നു.

വിചാരണ വിവരത്തിനു ഭ്രാന്തനു നോട്ടീസ് കൊടുക്കണം

൧൯. (എ). ഡിസ്ട്രിക്ട് കോർട്ട്, മുൻ വിവരിച്ചതുപോലെ വല്ല വിചാരണയും നടത്തുവാനിരിക്കുമ്പോൾ, വിചാരണ ഏതു സ്ഥലത്തും സമയത്തും നടത്താൻ പോകുന്നു എന്നുള്ള വിവരത്തിനു ഒരു നോട്ടീസ് ആ കോർട്ട് ഭ്രാന്തൻ എന്നു വാദിക്കപ്പെട്ടിരിക്കുന്ന ആൾക്കു അയപ്പിക്കേണ്ടതാകുന്നു.

നോട്ടീസ് നടത്തൽ

(ബി) നോട്ടീസു ഭ്രാന്തനെന്നു വാദിക്കപ്പെട്ടിരിക്കുന്ന ആളെക്കൊണ്ടു കൈപ്പററിച്ചു നടത്തിക്കാൻ പാടില്ലാ എന്നുള്ള സ്ഥിതിയിൽ ആയാൾ ഇരിക്കുന്നതായാൽ കോർട്ടിനു യുക്തമെന്നു തോന്നുന്ന വിധത്തിൽ പകരമായ ഒരു പ്രകാരത്തിൽ നോട്ടീസു നടത്തിക്കാൻ ആ കോർട്ട് ആജ്ഞാപിക്കാം. ഭ്രാന്തൻ എന്നു വാദിക്കപ്പെട്ടിരിക്കുന്ന ആളുടെ വല്ല ബന്ധുവിനും ആ നോട്ടീസിന്റെ ഒരു പകർപ്പയച്ചു നടത്തിക്കുന്നതിനും കോർട്ട് ആജ്ഞാപിക്കാവുന്നതാകുന്നു.

ഭ്രാന്തനെ പരിശോധിക്കുന്നതിനായി ഹാജരാക്കണമെന്നു കോർട്ട് ആവശ്യപ്പെടുകയും ആയാളെ ചെന്നു പരിശോധിക്കുന്നതിനായി ആളുകളെ അധികാരപ്പെടുത്തുകയും ചെയ്യാം

൨൦. ഭ്രാന്തനെന്നു വാദിക്കപ്പെട്ടിരിക്കുന്നയാളുടെ ചിത്തസ്ഥിതിയെയും യോഗ്യതയെയും കുറിച്ചു ഏതാളുടെ റിപ്പോർട്ട് കിട്ടണം എന്നു ഡിസ്ട്രിക്ട് കോർട്ട് ആവശ്യപ്പെടുന്നുവോ ആയാളോ ഡിസ്ട്രിക്ട് കോർട്ട് തന്നെയോ പരിശോധിക്കുന്നതിലേക്കായി ഭ്രാന്തനെന്നു വാദിക്കപ്പെട്ടിരിക്കുന്നയാളെ സൌകര്യമായി കോർട്ട് നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും അവൻ ഹാജരായിരിക്കണമെന്നു അവനോടു കോർട്ട് ആവശ്യപ്പെടാവുന്നതാകുന്നു. ഇതുപോലെ തന്നെ ഭ്രാന്തനെന്നു വാദിക്കപ്പെട്ടിരിക്കുന്നയാളെ പരിശോധിക്കാൻ അവനെ ചെന്നു നോക്കുന്നതിനായി വല്ല ആളെയോ ആളുകളെയോ അധികാരപ്പെടുത്തി ഡിസ്ട്രിക്ട് കോർട്ട് ഉത്തരവു ചെയ്യാവുന്നതും ആകുന്നു.

ഭ്രാന്തനെന്നു വാദിക്കപ്പെട്ടിരിക്കുന്നയാൾ സ്ഥാനമുള്ള സ്ത്രീയായിരുന്നാൽ ചെന്നു നോക്കി പരിശോധിക്കുന്നതിനുള്ള ചട്ടങ്ങൾ

൨൧. ഭ്രാന്തനെന്നു വാദിക്കപ്പെട്ടിരിക്കുന്നയാൾ, ഈ സംസ്ഥാനത്തിലെ ആചാരവും നടപ്പും അനുസരിച്ചു പൊതുസ്ഥലത്തു ഹാജരാകുന്നതിനു നിർബന്ധിക്കാൻ പാടില്ലാത്ത സ്ഥിതിയിൽ ഉള്ള സ്ത്രീയായിരുന്നാൽ മുൻ കഴിഞ്ഞ വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചു ആയാളെ ചെന്നു നോക്കുകയും പരിശോധിക്കുകയും ചെയ്യുന്നതു മററു സംഗതികളിൽ ആ വിധം ആളുകളെ പരിശോധിക്കുന്നതിനു നടപ്പിൽ ഇരിക്കുന്ന ചട്ടങ്ങൾ അനുസരിച്ചു വേണ്ടതാകുന്നു.

ഡിസ്ട്രിക്ട് കോർട്ടിലെ ഉത്തരവു

൨൨. വിചാരണ പൂർത്തിയായതിന്മേൽ ഡിസ്ട്രിക്ട് കോർട്ട് ഭ്രാന്തനെന്നു വാദിക്കപ്പെട്ടിരിക്കുന്നയാൾ അസ്വസ്ഥചിത്തൻ തന്നെയോ അല്ലയോ എന്നു നിശ്ചയിക്കേണ്ടതും ഏതാളുടെ അപേക്ഷയിന്മേൽ വിചാരണ നടത്തപ്പെട്ടുവോ ആയാളെക്കൊണ്ടെങ്കിലും അല്ലെങ്കിൽ ഭ്രാന്തൻ എന്നു വാദിക്കപ്പെട്ടിരിക്കുന്നയാൾ അസ്വസ്ഥചിത്തൻ അല്ലെന്നു തീർച്ചയാക്കപ്പെട്ടാൽ ആയാളുടെ വസ്തുവിൽ

ന്നെങ്കിലും, അല്ലെങ്കിൽ കോട്ടിന്നു യുക്തമെന്നു തോന്നുന്ന മറ്റു വിധത്തിൽ എങ്കിലും വിചാരണയുടെ ചിലവുകൾ കൊടുപ്പിക്കുന്നതിന്നു കോട്ട് ഉത്തരവു ചെയ്യാവുന്നതും ആകുന്നു.

എന്നാൽ ഭ്രാന്തൻ എന്നു വാദിക്കപ്പെട്ടിരിക്കുന്നയാളുടെ അപേക്ഷത്തീയതിക്കു മുൻപുള്ള രണ്ടു കൊല്ലങ്ങൾ കാലത്തിന്നിടയ്ക്കുള്ള പ്രവൃത്തികളെക്കുറിച്ചു മാത്രമെ തെളിവു സാധാരണമായി സ്വീകരിക്കാവു. എന്നാൽ ആ കാലത്തിന്നു മുമ്പെ ചെയ്ത പ്രവൃത്തികളെക്കുറിച്ചുള്ള തെളിവു, കോട്ട് അതിന്റെ യുക്തംപോലെ സ്വീകരിക്കാവുന്നതാകുന്നു.

കീഴ്കോടതിക്കു കമ്മിഷൻ അയക്കൽ.

൫. (എ) അപേക്ഷ കിട്ടിയ ഡിസ്ത്രിക്ടുകോട്ട് സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിൽനിന്നു ൨൦ മൈലിൽ അധികം അകലെയായി ഭ്രാന്തനെന്നു വാദിക്കപ്പെട്ടയാൾ പാർക്കുന്നതായാൽ ആ കോട്ട് വിചാരണ നടത്തുന്നതിന്നു വല്ല കീഴ്ക്കോട്ടിലേക്കും കമ്മിഷൻ അയക്കാവുന്നതാകുന്നു. അതിന്മേൽ ആ കീഴ്ക്കോട്ട് ഇതിന്നു മുമ്പു വ്യവസ്ഥ ചെയ്തിരിക്കുന്ന വിധത്തിൽ വിചാരണ നടത്തേണ്ടതാകുന്നു.

കീഴ് കോട്ടിന്റെ റിപ്പോർട്ട് ഡിസ്ത്രിക്ട് കോട്ടിന്റെ ഉത്തരവു

(ബി) വിചാരണ പൂർത്തിയായാൽ കീഴ്ക്കോട്ട് അതിലെ നടപടികളെയും ആ കേസിന്മേൽ ഉള്ള തന്റെ അഭിപ്രായത്തെയും അയച്ചു റിപ്പോർട്ട് ചെയ്യണം; അതിന്മേൽ ഡിസ്ത്രിക്ടു കോട്ട് തനിക്കു യുക്തമെന്നു തോന്നുന്ന ഉത്തരവു ചെയ്യേണ്ടതാകുന്നു.

ഭ്രാന്തന്റെ മുതലിന്റെ രക്ഷ

൬. ഒരാൾ അസ്വസ്ഥചിത്തനാണെന്നും തന്റെ കാര്യങ്ങളെ നടത്താൻ ശേഷിയില്ലാത്തവനെന്നും തീർച്ചപ്പെടുത്തപ്പെട്ടാൽ ഡിസ്ത്രിക്ടുകോട്ട് ആ ഭ്രാന്തന്റെ മുതലിന്നും ശരീരത്തിന്നും ഒരു രക്ഷകനെ നിയമിക്കേണ്ടതും അങ്ങിനെ നിയമിച്ചിരിക്കുന്നതായി ക്രമമായ ഒരു സർട്ടിഫിക്കെറ്റു കൊടുക്കേണ്ടതും ആകുന്നു. ഭ്രാന്തന്റെ മുതലിന്നും ശരീരത്തിന്നും പ്രത്യേകം പ്രത്യേകം രക്ഷകനെ നിയമിക്കേണ്ടതു ആവശ്യമായിരുന്നാൽ അങ്ങനെ രക്ഷകന്മാരെ നിയമിക്കയൊ പ്രസിദ്ധപ്പെടുത്തുകയൊ ചെയ്യാവുന്നതാകുന്നു.

എന്നാൽ ഭ്രാന്തന്റെ ന്യായമായ അവകാശിയായിരിക്കുന്ന ആളിനെയൊ ആ ഭ്രാന്തന്റെ മരണത്തിലൊ തുടൎച്ചയായ അസ്വാസ്ഥ്യത്തിലൊ നേരിട്ടൊ നേരിട്ടല്ലാതെയൊ താല്പര്യം ഉള്ളതായി കാണുന്ന ആളിനെയൊ ഭ്രാന്തന്റെ രക്ഷകനായി നിയമിക്കുന്നതു ഭ്രാന്തന്റെ ക്ഷേമത്തിന്നു വേണ്ടതായിരിക്കും എന്നു കോട്ടിന്നു ബോദ്ധ്യം വരികയും, അതിനുള്ള കാരണങ്ങളെ കോട്ട് രേഖപ്പെടുത്തി വയ്ക്കയും ചെയ്താലല്ലാതെ അങ്ങിനെയുള്ള ആളിനെ ആ ഭ്രാന്തന്റെ ശരീരത്തിന്റെ രക്ഷകനായി നിയമിച്ചു കൂടാത്തതാകുന്നു.

എന്നാൽ ഭ്രാന്തനെന്നു വാദിക്കപ്പെടുന്നയാൾ ഭ്രാന്തൻ തന്നെ എന്നു വിശ്വസിക്കാൻ പ്രഥമദൃഷ്ട്യാ കാരണങ്ങൾ ഉള്ളതായി ഡിസ്ത്രിക്ടു കോട്ടിന്നു ബോദ്ധ്യം വരുന്നതായാൽ മുൻപറഞ്ഞ വകുപ്പുകളിൻപ്രകാരം ഉള്ള വിചാരണക്കിടയിൽ അയാളുടെ വസ്തുവിന്നു താല്ക്കാലമായ ഒരു മുതൽപിടിക്കാരനെ നിയമിക്കുന്നതിന്നു ൩൦ വകുപ്പിൽ ഉള്ള യാതൊന്നും തടസ്ഥപ്പെടുത്തുന്നില്ല.

രക്ഷകന്മാർക്കു പ്രതിഫലം

൭. ഭ്രാന്തന്റെ മുതലിന്റെ രക്ഷകനായി നിയമിക്കപ്പെടുന്നയാളൊ ശരീരത്തിന്റെ രക്ഷകനായി നിയമിക്കപ്പെടുന്നയാളൊ ആ ജോലിയെ പ്രതിഫലംകൂടാതെ വഹിക്കാൻ മനസ്സില്ലാത്തയാൾ ആയിരുന്നാൽ ഓരൊ സംഗതിയിലെയും അവസ്ഥക്കു തക്കവണ്ണം കോട്ടിന്നു യുക്തമെന്നു തോന്നുന്ന പ്രതിഫലം ഭ്രാന്തന്റെ മുതലിൽ നിന്നു കൊടുക്കണം എന്നു കോട്ട് നിശ്ചയിക്കാം.

രക്ഷകന്മാരുടെ അധികാരങ്ങൾ.

൮. ഈ റെഗുലേഷൻ അനുസരിച്ചു നിയമിക്കപ്പെടുന്ന ഓരൊ രക്ഷകനും ഉടമസ്ഥൻ ഭ്രാന്തനല്ലാതിരുന്നാൽ നടത്താവുന്നതായ അതെ അധികാരങ്ങളെ വസ്തുവിന്റെ ഭരണത്തിൽ നടത്തേണ്ടതും ഭ്രാന്തന്റെ വസ്തുവിന്നു ചേരുന്നതൊ വസ്തുവിൽനിന്നു കൊടുക്കപ്പെടേണ്ടതൊ ആയ എല്ലാ ന്യായമായ അവകാശങ്ങളെയും കടങ്ങളെയും ചുമതലകളെയും പിരിക്കയും കൊടുക്കയും ചെയ്യേണ്ട

ളും ആകുന്നു. എന്നാൽ കോട്ടിന്റെ പ്രത്യേകമായ ഉത്തരവു കൂടാതെ യാതൊരു രക്ഷകനും വസ്തുവിനെയൊ അതിന്റെ വല്ല ഭാഗത്തെയൊ തീറു കൊടുക്കയൊ ഒറ്റി കൊടുക്കയൊ അഞ്ചു കൊല്ലങ്ങളിൽ കവിഞ്ഞ കാലത്തേക്കു പാട്ടത്തിനു കൊടുക്കയൊ ചെയ്യുന്നതിനു അധികാരം ഇല്ലാത്തതാകുന്നു.

രക്ഷകന്മാർ വസ്തുവിവരത്തിനു പട്ടികയും ആണ്ടുതോറും കണക്കും അയക്കണം എന്നു.

൫൭. ഭ്രാന്തന്റെ വസ്തുവിനു രക്ഷകനായി നിയമിക്കപ്പെട്ടിരിക്കുന്ന ഓരോ ആളും ഭ്രാന്തന്റെ വകയായ മുതലിന്റെയും ആ വസ്തു നിമിത്തമായി താൻ സ്വീകരിക്കുന്ന ആ വിധം എല്ലാ പണത്തിന്റെയും പണങ്ങളുടെയും സാമാനങ്ങളുടെയും ഒരു പട്ടികയും അതിലേക്കു ചെല്ലേണ്ടതൊ അതിൽനിന്നു ചെല്ലേണ്ടതൊ ആയ എല്ലാ കടങ്ങളുടെയും വിവരണവും അയാളെ നിയമിച്ച തീയതി മുതൽ ആറു മാസത്തിനകം കോട്ടിൽ ഏല്പിക്കേണ്ടതാകുന്നു. ആ വിധം ഓരോ രക്ഷകനും ഒരാണ്ടിൽ ആ വസ്തുവെ സംബന്ധിച്ച വരവും ചിലവും കയ്യിൽ ബാക്കിയിരിപ്പും ആയ തുകകളുടെ വിവരം കാണിച്ചു തന്റെ വശത്തിൽ ഉള്ള വസ്തുവിന്റെ ഒരു കണക്ക ആ ആണ്ടു അവസാനിച്ചു മൂന്നു മാസം കാലത്തിനകം ആണ്ടുതോറും കോട്ടിലേക്ക അയക്കേണ്ടതാകുന്നു. ഭ്രാന്തന്റെ വല്ല ബന്ധുവൊ വല്ല സർക്കാർ ഉദ്യോഗസ്ഥനൊ മേല്പറഞ്ഞ പട്ടികയുടെയും കണക്കിന്റെയും ആകട്ടെ അല്ലെങ്കിൽ ആണ്ടുതോറും അയക്കുന്ന വല്ല കണക്കിന്റെയും ആകട്ടെ ശരിയായ്മയെ കോട്ടിലേക്കു ഹർജി കൊടുത്തു വിവരിക്കുന്നതായാൽ കോട്ട് ആ രക്ഷകനെ സമൻസ് അയച്ചു വരുത്തുകയും ആ സംഗതിയിൽ സമ്മരിയായ വിചാരണ നടത്തുകയും കോട്ടിനു യുക്തം എന്നു തോന്നുന്ന ഉത്തരവു കൊടുക്കയും ചെയ്യാവുന്നതാകുന്നു.

പട്ടികയുടെയൊ കണക്കുകളുടെയൊ ശരിയായ്മയെക്കുറിച്ചു തർക്കം വന്നാൽ നടപടി.

രക്ഷകൻ മുതലിൽനിന്നു കിട്ടുന്ന ആദായത്തെ സർക്കാർ മുതൽപിടിയിൽ കെട്ടണം

൫൮. ഭ്രാന്തന്റെയൊ മുതലിന്റെയൊ നടപ്പു ചിലവിനു ആവശ്യം ആയിരിക്കാവുന്നതിൽ കൂടുതലായി ആ മുതലിന്റെ വകയായി രക്ഷകൻ വാങ്ങിക്കുന്ന എല്ലാ പണങ്ങളെയും ആ മുതലിന്റെ വകയായിട്ട് സർക്കാർ മുതൽപിടിയിൽ ഒടുക്കേണ്ടതും കോട്ടിലെ ഉത്തരവനുസരിച്ചു അപ്പഴപ്പോൾ ഗവർന്മെന്റു രക്ഷയിൽ ഉള്ള കടപ്പാടുകളിൽ ആയിട്ടൊ തിരുവിതാംകോട്ടു സംസ്ഥാനത്തിൽ ഭൂസ്വത്തിലൊ ഉപയോഗിക്കേണ്ടതും ആകുന്നു.

യാതൊരു രക്ഷകനെയും നിയമിക്കാതെ ഭ്രാന്തന്റെ സംരക്ഷണത്തിനായി മുതലിനെ ചില സംഗതികളിൽ കോട്ട് ഉപയോഗിക്കാം.

൫൯. (൧) ഭ്രാന്തന്റെയും അവന്റെ കുടുംബത്തിന്റെയും അവസ്ഥയെയും ജീവനസ്ഥിതിയെയും അവന്റെ മുതലിന്റെ തുകയെയും വിധത്തെയും കുറിച്ചു ആലോചിച്ചതിൽ ഇതിനു മുമ്പിൽ വ്യവസ്ഥ ചെയ്തിരിക്കുംപോലെ മുതലിനു ഒരു രക്ഷകനെ നിയമിക്കുന്നതു അനാവശ്യം എന്നു ഡിസ്ത്രിക്ടു കോട്ടിലേക്കു തോന്നുന്നതായാൽ കോട്ട് ആ വിധം രക്ഷകനെ നിയമിക്കുന്നതിനു പകരം, മുതൽ പണമായിരുന്നാൽ ആ പണമൊ മറ്റു വിധത്തിൽ ഉള്ളതായിരുന്നാൽ അതിന്റെ ആദായമൊ രണ്ടുംകൂടെയൊ, ഭ്രാന്തന്റെയും അവന്റെ കുടുംബത്തിന്റെയും സംരക്ഷണത്തിലേക്കു ഉപയോഗിക്കുന്നതിനായി കോട്ടിനു യുക്തം എന്നു തോന്നുന്ന ആളിനു കൊടുക്കണം എന്നു ഉത്തരവു ചെയ്യാവുന്നതാകുന്നു.

(൨) അങ്ങനെയുള്ള സംഗതികളിൽ ഭ്രാന്തശാലയിൽ ആ ഭ്രാന്തനെ പാർപ്പിക്കണം എന്നു അവന്റെ ബന്ധുക്കളുടെ സമ്മതത്തോടുകൂടി ഡിസ്ത്രിക്ടു കോട്ടു ആജ്ഞാപിക്കാവുന്നതും സംരക്ഷണത്തിനുള്ള ചിലവു ഭ്രാന്തശാലയിലെ സൂപ്രിൻറൻഡന്റിന്റെയൊ മറ്റു ശരിയായ ഉദ്യോഗസ്ഥന്റെയൊ പക്കൽ കൊടുക്കണം എന്നു ആജ്ഞാപിക്കാവുന്നതും ആകുന്നു.

അസ്വസ്ഥ ചിത്തത നിശ്ചയിച്ചതായി തീരുന്ന ആളുടെ മുതൽ മടങ്ങി ഏല്പിക്കാൻ നടപടി

൬൦. (൧) വല്ല ആളും അസ്വസ്ഥ ചിത്തനും തന്റെ കാര്യങ്ങളെ നോക്കുന്നതിനു ശേഷിയില്ലാത്തവനും ആണെന്നു തീർച്ചയാക്കപ്പെട്ടിരിക്കുമ്പോൾ അയാളൊ അയാൾക്കുവേണ്ടി പ്രവർത്തിക്കുന്നയൊ അയാളുടെ വസ്തുവെ സംബന്ധിച്ചു വല്ല ബാധ്യതയും ഉള്ളവരൊ ബാധ്യതക്കു അവകാശപ്പെട്ടവനൊ മറ്റു വല്ലയാളൊ ആയാളുടെ അസ്വസ്ഥ ചിത്തത നീങ്ങിയിരിക്കുന്നതായി ഡിസ്ത്രിക്ടു കോട്ടിൽ ഹർജിമൂലം ബോധിപ്പിക്കയാകട്ടെ മറ്റു വല്ല വിധത്തിൽ എങ്കിലും ഡിസ്ത്രിക്ടു കോട്ട് അറികയാകട്ടെ ചെയ്യുന്നതായാൽ, അയാൾ ഇനി

യും അസ്വസ്ഥചിത്തനും തന്റെ കാര്യങ്ങൾ നോക്കുന്നതിന ശേഷിയില്ലാത്തവനും ആയി തന്നെ ഇരിക്കുന്നുവൊ ഇല്ലയൊ എന്ന നിർണ്ണയിക്കുന്നതിലെക്കായി ഒരു വിചാരണ ചെയ്ത് നടത്താം.

(൨) വിചാരണ ഈ റെഗ്ഗുലെഷനിലെ ൯-ാം വകുപ്പിലും അടുത്ത നാലു വകുപ്പുകളിലും വിധിച്ചിരിക്കുന്ന വിധത്തിൽ നടത്തപ്പെടെണ്ടതാകുന്നു. അയാൾ ആ അസ്വസ്ഥചിത്തത നീങ്ങിപ്പൊയിരിക്കുന്നു എന്നും അയാൾ തന്റെ കാര്യങ്ങൾ നോക്കുന്നതിന ശേഷിയുള്ളവനെന്നും നിർണ്ണയപ്പെടുന്നതായാൽ അയാളുടെ മുതലിന്റെ അവകാശം മടങ്ങി എല്പിക്കണം എന്നും അയാൾ ഭ്രാന്താശാലയിൽ പാർപ്പിക്കപ്പെട്ടിരുന്നാൽ അയാളെ വിട്ടയക്കണം എന്നും കൊട്ട് ഉത്തരവു ചെയ്യെണ്ടതാകുന്നു. ആ ഉത്തരവ് അവസാനമായ ഉത്തരവായിരിക്കും.

൧൩. ഇൻസ്പെക്ടരൊ അതിനു സ്ഥാനവലിപ്പം കുറയാത്ത യാതൊരു പൊലീസുദ്യൊഗസ്ഥനും വല്ല പബ്ലിക്ക തെരുവീഥിയിലൊ പാതയിലൊ നിർബാധമായി സഞ്ചരിക്കുന്ന അപായകരനായ ഭ്രാന്തനെന്ന കാണുന്ന വല്ലയാളെയും വാറണ്ടുകൂടാതെ പിടിക്കാവുന്നതാകുന്നു.

അപായകരനായ ഭ്രാന്തനെ പൊലീസുദ്യൊഗസ്ഥൻ പിടിക്കുന്നു.

൧൪. അങ്ങിനെ പിടിക്കപ്പെട്ട വല്ലയാളെയും ശരിയായി സൊക്ഷിക്കാമെന്നും അവനെ തന്നെയൊ മറ്റ് ഇവർക്കൊ യാതൊരു ഉപദ്രവവും ചെയ്യാതെ തടുത്തുകൊള്ളാമെന്നും അയാളുടെ വല്ല സ്നെഹിതനൊ ബന്ധുവൊ എഴുതിവച്ച് ഏറ്റുകൊള്ളാത്തപക്ഷം ആ പൊലീസ് ആഫീസർ അങ്ങിനെ പിടിക്കപ്പെട്ടയാളെ സ്ഥലത്തെ സർക്കാർ ആശുപത്രി മെൽവിചാരം വഹിച്ചിരിക്കുന്ന ഏതുയും അടുത്ത മെഡിക്കൽ ആഫീസരുടെ അടുക്കൽ കൊണ്ടുപൊകയൊ അയക്കയൊ ചെയ്യെണ്ടതാകുന്നു.

പിടിച്ച അപായകരനായ ഭ്രാന്തനെ പൊലീസ് ആഫീസർ മെഡിക്കൽ ആഫീസരുടെ അടുക്കൽ അയക്കുന്നു.

൧൫. (൧) മുൻകഴിഞ്ഞ വകുപ്പനുസരിച്ച് തന്റെ മുമ്പാകെ ഹാജരാക്കപ്പെട്ട വല്ല ആളും ൨-ാം വകുപ്പിലെ അർത്ഥപ്രകാരമുള്ള ഒരു ഭ്രാന്തനല്ലെന്ന് മെഡിക്കൽ ആഫീസർക്ക തൊന്നിയാൽ അയാൾ ഈ പട്ടികയിൽ കാണിച്ചിരിക്കുന്ന (എ) എന്ന മാതിരിയിൽ ഒരു സർട്ടിഫിക്കെറ്റ് ആ ആഫീസർ കൊടുക്കെണ്ടതും അതിനു ശെഷം അയാളെ ഉടനെ വിട്ടയക്കെണ്ടതും ആകുന്നു.

അയാൾ ഭ്രാന്തൻ അല്ലെന്നു വരുകിൽ മെഡിക്കൽ ആഫീസർ (എ) ഫാറത്തിൽ സർട്ടിഫിക്കെറ്റ അയാൾക്ക കൊടുക്കുന്നു.

(൨) ആ ആൾ രണ്ടാം വകുപ്പിലെ അർത്ഥപ്രകാരമുള്ള ഒരു ഭ്രാന്തനാകുന്നു എന്ന തനിക്ക തൊന്നിയാൽ ആ ആഫീസർ ആ ഭ്രാന്തനെ ബന്തൊവസ്ത വഹിച്ചിരിക്കുന്ന പൊലീസ് ഉദ്യൊഗസ്ഥന്ന പട്ടികയിൽ കാണിച്ചിരിക്കുന്ന (ബി) എന്ന മാതിരിയിൽ ഒരു സർട്ടിഫിക്കെറ്റ് കൊടുക്കെണ്ടതും അതിന്റെ ശെഷം അനാവശ്യമായ താമസം കൂടാതെ ആ ഭ്രാന്തൻ ൧൬-ാം റെഗ്ഗുലെഷൻ പ്രകാരം അധികാരമുള്ള ഒരു മജിസ്ത്രെട്ടിന്റെ മുമ്പാകെ കൊണ്ടുപൊകപ്പെടെണ്ടതും ആകുന്നു.

അയാൾ ഭ്രാന്തൻ ആകുന്നതായുകിൽ മെഡിക്കൽ ആഫീസർ (ബി) ഫാറത്തിൽ സർട്ടിഫിക്കെറ്റ പൊലീസ ഉദ്യൊഗസ്ഥന്ന കൊടുക്കുന്നു.

൧൬. ഒരു ഒന്നാം ക്ലാസ് മജിസ്ത്രെട്ടിനൊ ഇതിന്നായി ഗവൺമെന്റിൽ പ്രത്യെകം അധികൃതനായ മറ്റു വല്ല മജിസ്ത്രെട്ടിനൊ, പട്ടികയിൽ കാണിച്ചിരിക്കുന്ന (ബി) എന്ന മാതിരിയിൽ കൊടുത്ത സർട്ടിഫിക്കെറ്റിന്മെൽ വല്ല ആളും ഒരു ഭ്രാന്തനാണെന്ന തൊന്നുകയും അതിനുപുറമെ ആയാൾ ഒരു അപായകരനായ ഭ്രാന്തനാണെന്നും ആ മജിസ്ത്രെട്ടിന തൊന്നുകയും ചെയ്താൽ ആ മജിസ്ത്രെട്ട മെൽപറഞ്ഞ സംഗതികൾക്ക തെളിവെടുത്ത അതിന്മെൽ തന്റെ ഉത്തരവു എഴുതിവച്ച് ശെഷം ആ ഭ്രാന്തനെ ഏതുയും അടുത്ത ഭ്രാന്താശാലയിലെ മെൽവിചാരം വഹിച്ചിരിക്കുന്ന ഉദ്യൊഗസ്ഥന്റെ അടുക്കൽ അയക്കാവുന്നതാകുന്നു.

ഭ്രാന്താശാലയിലെ മെൽവിചാരം വഹിച്ചിരിക്കുന്ന മെഡിക്കൽ ഉദ്യൊഗസ്ഥന്റെ അടുക്കലെക്ക മജിസ്ത്രെട്ട ഭ്രാന്തനെ അയക്കുന്നു.

൧൩. ഈ റെഗുലെഷനാൽ ആവശ്യപ്പെട്ടിരിക്കുന്ന ഉത്തരവനുസരിച്ചു ഒരു ഭ്രാന്തശാലയിൽ ഏല്പിക്കപ്പെടുന്ന ഓരോ ആളെയും, ഈ റെഗുലെഷനാൽ അധികാരപ്പെടുത്തപ്പെട്ടിരിക്കുന്ന വിധത്തിനു മാററുകയൊ ഭ്രാന്തനല്ലെന്നു അയക്കയൊ ചെയ്യുന്നതുവരെയൊ അതിൽ പാൎപ്പിക്കാവുന്നതാകുന്നു. ഭ്രാന്തശാല വിട്ടു അയാൾ ഓടിപ്പോകുന്നതായാൽ അയാളെ ഭ്രാന്തശാലയിലുള്ള വല്ല ഉദ്യോഗസ്ഥനൊ ജീവനക്കാരനൊ ഇതിലേക്കായി ഭ്രാന്തശാലയിലെ സൂപ്പർഇൻറൻഡൻറു അധികാരപ്പെടുത്തിയിരിക്കുന്ന മററു വല്ല ആളൊ വല്ല പൊലീസുദ്യോഗസ്ഥനൊ, ആ ഉത്തരവിനെ പ്രമാണമാക്കി തിരിയെ പിടിച്ചുകൊണ്ടു വരികയും ആ ഭ്രാന്തശാലയിൽ പാൎപ്പിക്കയും ചെയ്യാവുന്നതാകുന്നു.

ഭ്രാന്തശാലയിൽ പാൎപ്പിക്കുന്നതിനെയും ഓടിപ്പോയാൽ പിടിക്കുന്നതിനെയും നീതീകരിക്കുന്നതിനു ഉത്തരവും മതിയാകുന്നതാകുന്നു.

൧൪. ഈ റെഗുലെഷനിലെ ൫-ാം വകുപ്പു ൨-ാം ഖണ്ഡത്തിലെയൊ ൧൦, ൧൧ ഈ വകുപ്പുകളിലെയൊ വ്യവസ്ഥകൾ അനുസരിച്ചു വല്ല ഭ്രാന്തശാലയിലും പാൎപ്പിക്കപ്പെട്ടിരിക്കുന്ന ഭ്രാന്തന്റെ വല്ല ബന്ധുവൊ സ്നേഹിതനൊ ആ ഭ്രാന്തനെ തന്റെ അധീനത്തിൽ വിട്ടുതരണം എന്നു ആഗ്രഹിക്കുന്നതായാൽ അയാൾ ആ വിവരത്തിനു മാജിസ്ത്രേട്ടിനോടു അപേക്ഷിക്കാവുന്നതും ഭ്രാന്തനെ ശരിയായി നോക്കി സൂക്ഷിച്ചുകൊള്ളാം എന്നും ആ ഭ്രാന്തൻ തന്നെയൊ മററുള്ളവൎക്കൊ ഉപദ്രവം വരുത്താതെ തടുത്തുകൊള്ളാം എന്നും മാജിസ്ത്രേട്ടിനു തൃപ്തികരമായ വിധത്തിൽ ആ ബന്ധുവൊ സ്നേഹിതനൊ ഏററുവച്ചു ഉറപ്പുകൊടുക്കുന്നതായാൽ മാജിസ്ത്രേട്ടു അങ്ങനെ ചെയ്യുന്നതു യുക്തമെന്നു വിചാരിക്കുന്നപക്ഷം ആ ഭ്രാന്തനെ വിട്ടയക്കണം എന്നു ഒരു ഉത്തരവു ചെയ്യാവുന്നതും അതിന്മേൽ ആ ഭ്രാന്തനെ വിട്ടയക്കേണ്ടതും ആകുന്നു.

ഭ്രാന്തനെ ശരിയായി ചികിത്സിച്ചു കൊള്ളാമെന്നു ബന്ധു ഏല്ക്കുന്നതായാൽ വിട്ടയക്കാൻ ഉത്തരവു.

൧൫. പരിശോധകന്മാരൊ പരിശോധകന്മാരെ നിയമിച്ചിട്ടില്ലാത്ത സ്ഥലത്തു ഡർബാർ ഫിസിഷ്യനൊ, ഈ റെഗുലെഷനിലെ വ്യവസ്ഥകൾ അനുസരിച്ചു ഭ്രാന്തശാലയിൽ പാൎപ്പിക്കപ്പെട്ടിരിക്കുന്ന വല്ല ഭ്രാന്തനെയും അതിൽനിന്നു വിട്ടയക്കണം എന്നു, പട്ടികയിൽ കാണിച്ചിരിക്കുന്ന സി ഫാറം അനുസരിച്ചു ഒരു ഉത്തരവു എഴുതി അതിൽ അവരൊ അയാളൊ ഒപ്പിട്ടു ഏതു സമയത്തും ആജ്ഞാപിക്കാവുന്നതാകുന്നു. അങ്ങിനെയുള്ള ഉത്തരവു കൊടുക്കപ്പെട്ടാൽ അയാളെ താമസിപ്പിച്ചിരിക്കുന്നതു വല്ല സൎക്കാർ ഉദ്യോഗസ്ഥന്റെയും ഉത്തരവിൻപടിയാണെന്നുവരികിൽ വിട്ടയക്കുന്നതിനുള്ള ഉത്തരവിന്റെ വിവരത്തിനു ഉടനെ തന്നെ ആ ഉദ്യോഗസ്ഥനു എഴുതി അയക്കേണ്ടതാകുന്നു.

പരിശോധകന്മാരൊ ഡർബാർ ഫിസിഷ്യനൊ വിട്ടയക്കാൻ ഉത്തരവു.

൧൬. ൫-ാം വകുപ്പു (൨)-ാം ഖണ്ഡം അനുസരിച്ചൊ ൧൦, ൧൧-ാം വകുപ്പുകളിൽ വല്ലതും അനുസരിച്ചൊ താമസിപ്പിക്കപ്പെട്ടിരിക്കുന്ന ഒരു ഭ്രാന്തന്റെ നേൎക്കു ക്രൂരതയൊ ഉപേക്ഷയൊ കാണിച്ചതായാകട്ടെ അവനെ സൂക്ഷിക്കയും അടക്കിവെക്കയും ചെയ്യുന്നതിൽ ഉപേക്ഷ കാണിച്ചതു ഹേതുവായി പൊതുജനങ്ങൾക്കു അനുപദ്രവം നേരിട്ടിരിക്കുന്നതായാകട്ടെ കുററം ചുമത്തപ്പെട്ടിരിക്കുന്ന ആളിന്മേൽ ൧൪-ാം വകുപ്പനുസരിച്ചു അധികൃതനായ ഒരു മജിസ്ത്രേട്ടിന്റെ മുമ്പാകെ കുററം സ്ഥാപനമായാൽ അയാൾക്കു ഒരു മാസത്തോളം വരാവുന്ന കാലത്തേക്കു വെറുന്തടവൊ നൂറു രൂപായിൽ കവിയാത്ത പിഴയൊ ശിക്ഷ വിധിക്കാവുന്നതാകുന്നു.

ഒരു ഭ്രാന്തന്റെ നേൎക്കു ക്രൂരതക്കൊ ഉപേക്ഷക്കൊ ശിക്ഷ.

൧൭. ഭ്രാന്തശാലയിൽ പാൎപ്പിക്കപ്പെട്ടിരിക്കുന്ന വല്ല ഭ്രാന്തനെയും സംരക്ഷണത്തിനു ഉപയോഗപ്പെടുത്താവുന്നതായ വല്ല വസ്തുവും അയാൾക്കു ഉണ്ടെന്നാകട്ടെ വല്ല ആളും ആ ഭ്രാന്തനെ രക്ഷിക്കാൻ നിയമാനുസരണം കടപ്പെട്ടിരിക്കയും അങ്ങിനെ രക്ഷിക്കുന്നതിനുള്ള കഴിവു അയാൾക്കു ഉണ്ടായിരിക്കയും ചെയ്യുന്നു എന്നാകട്ടെ മാജിസ്ത്രേട്ടൊ ഭ്രാന്തശാലയിലെ സൂപ്പർഇൻറൻഡൻറൊ കാണുന്നതായാൽ കാൎയ്യത്തിന്റെ അവസ്ഥപോലെ ആ മാജിസ്ത്രേട്ടൊ സൂപ്പർഇൻറൻഡൻറൊ ഏതു ഡിസ്ത്രിക്കുകോട്ടിന്റെ അധികാരാതിൎത്തിക്കകത്തു ഭ്രാന്തന്റെ വക വസ്തു കിടക്കയൊ അവനെ നിയമാനുസരണം രക്ഷിക്കാൻ കടപ്പെട്ടിരിക്കുന്ന ആൾ പാൎക്കയൊ ചെയ്യുന്ന

ഭ്രാന്തന്റെ വക മുതലിൽനിന്നൊ അയാളെ രക്ഷിക്കാൻ കടപ്പെട്ടിരിക്കുന്ന ആളൊ സംരക്ഷണത്തിനുള്ള ചിലവുകൊടുക്കണമെന്നു മാജിസ്ത്രേട്ടിന്റെ അപേക്ഷയിന്മേൽ ഡിസ്ത്രിക്ടു കോട്ടു ആജ്ഞാപിക്കാം.

ളവാ ആ ഡിസ്ത്രിക്ടകൊട്ടിനൊട്ട അപെക്ഷിക്കാവുന്നതും ആ കൊട്ട ആ സംഗതിയെക്കുറിച്ച സമ്മറിയായി വിചാരണനടത്തെണ്ടതും ഭ്രാന്തന്റെ സംരക്ഷണത്തിന ഉപയൊഗപ്പെടത്താവുന്നതായ വസ്തു അവന്ന ഉണ്ടെന്നാകട്ടെ, അവനെ രക്ഷിക്കാൻ വല്ല ആളും നിയമാനുസരണം കടപ്പെട്ടിരിക്കയും രക്ഷിക്കാനുള്ള കഴിവു അയാൾക്ക ഉണ്ടായിരിക്കയും ചെയ്യുന്നു എന്നാകട്ടെ ബൊദ്ധ്യംവരുന്നതായാൽ ആ ഭ്രാന്തന വെണ്ട പാർപ്പിടം, ആഹാരം, വസ്ത്രധാരണം, ഔഷധം സൂക്ഷിപ്പ ഈ വകക്കുള്ള ചിലവുകൾ ആ വസ്തുവിൽനിന്നൊ ആളിൽനിന്നൊ ഈടാക്കുന്നതിന ഉത്തരവു ചെയ്യെണ്ടതും ആകുന്നു.

ഉത്തരവിന്മെൽ അപ്പീൽ ചെയ്യാം.

൧൦. അപ്രകാരമുള്ള ഉത്തരവിന്നെ, അതിൽ പ്രസ്താവിച്ചിരിക്കുന്ന വസ്തുവിനെയൊ ആളിനെയൊ സംബന്ധിച്ചുള്ള ഒരു ക്രമവ്യവഹാരത്തിൽ ആ കൊട്ടിൽനിന്ന ചെയ്യുന്ന വല്ല വിധിന്യായമൊ ഉത്തരവൊ എന്നപൊലെ ഊർജ്ജിതപ്പെടുത്തെണ്ടതും, അതു അതുപൊലെയുള്ള ഊർജ്ജിതവും ഫലവും ഉള്ളതായും അതെവിധത്തിലുള്ള അപ്പീലിന ഉൾപ്പെട്ടതായും ഇരിക്കുന്നതും ആകുന്നു.

അലഞ്ഞുനടക്കുന്ന ഭ്രാന്തന്മാരുടെ കൈവശം കാണപ്പെടുന്ന വസ്തു.

൧൧. അലഞ്ഞുനടക്കുന്നതായി കാണപ്പെടുന്ന ഒരു ആപൽക്കരനായ ഭ്രാന്തന്റെ കൈവശം ഇരിക്കാവുന്ന വല്ല ജംഗമമുതലിനെയും മജിസ്ത്രെട്ട വിൽക്കയും അതിൽ ഈടാകുന്ന മുതലിനെയും (അല്ലെങ്കിൽ ആവശ്യമുണ്ടായിരിക്കുന്നതുപൊലെ അതിൽ വല്ല ഭാഗത്തെയും) ഭ്രാന്തന്റെ പാർപ്പിടത്തിനും രക്ഷണത്തിനും വെണ്ട ചിലവിലെക്കായൊ അയാൾക്കവെണ്ടി നടത്തിയിരിക്കുന്ന മറ്റു വല്ല ചിലവിലെക്കായൊ ഉപയൊഗപ്പെടുത്തുകയും ചെയ്യാവുന്നതാകുന്നു.

ഭ്രാന്തന്മാരെ രക്ഷിക്കുന്നതിന ബന്ധുക്കൾക്കുള്ള ചുമതലക്ക രക്ഷ.

൧൨. വല്ല ഭ്രാന്തനെയും രക്ഷിക്കുന്നതിനുവല്ല ബന്ധുവിന്നൊ ആൾക്കൊ ഉള്ള ചുമതല ഈ റെഗുലെഷനിൽ അടങ്ങിയിരിക്കുന്ന യാതൊരു വ്യവസ്ഥയാലും എടുത്തുകളയപ്പെടുന്നതൊ ബാധിക്കപ്പെടുന്നതൊ അല്ല.

അപ്പീലുകൾ.

൧൩. ഇതിൽ മറ്റു വിധത്തിൽ വ്യവസ്ഥചെയ്തിരുന്നാൽ ഒഴികെ ഡിസ്ത്രിക്ട കൊട്ടൊ മജിസ്ത്രെട്ടൊ ചെയ്യുന്ന ഉത്തരവുകളിന്മെൽ അവയ്ക്കെതിരായിട്ടുള്ള സാധാരണമായി അപ്പീൽ ബൊധിപ്പിക്കുന്ന അധികാരസ്ഥലങ്ങളിൽ അപ്പീൽ ബൊധിപ്പിക്കാവുന്നതും ആ വിധം ഉത്തരവുകൾ മെലും ഹൈക്കൊട്ടിന്റെ പരിശൊധനയ്ക്കു ഉൾപ്പെട്ടിരിക്കുന്നവയും ആകുന്നു.

ഈ റെഗുലെഷൻ പ്രകാരം ഉത്തമവിശ്വാസ്യമായി പ്രവൃത്തിക്കുന്നവൎക്കു രക്ഷ.

൧൪. ഈ റെഗുലെഷനിലെ നിബന്ധനകൾപ്രകാരമെങ്കിലും നിബന്ധനകൾക്കനുസരിച്ചെങ്കിലും ഉത്തമവിശ്വാസ്യമായി ചെയ്തതൊ ചെയ്യുന്നതെന്ന വിചാരിക്കുന്നതൊ ആയ വല്ലതിനും വല്ല ഉദ്യൊഗസ്ഥന്റെയൊ ആളുടെയൊ നെരെ വല്ല വ്യവഹാരമൊ കുറ്റവിസ്താരമൊ മറ്റു ന്യായാനുസൃത വിസ്താരമൊ ഉണ്ടായിരിക്കുന്നതും അല്ല.

കൂടുതൽ ചട്ടങ്ങൾ ഉണ്ടാക്കാൻ ഹൈക്കൊട്ടിന്റെ അധികാരം.

൧൫. ഈ റെഗുലെഷനാൽ വ്യക്തമായൊ അനുമെയമായൊ നൽകപ്പെട്ടിട്ടുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള മറ്റു വല്ല അധികാരത്തിനും കൂടുതലായി ഹൈക്കൊട്ട നമ്മുടെ അനുവാദത്തൊടുകൂടി ഡിസ്ത്രിക്ട കൊട്ടിനാലും മജിസ്ത്രെട്ടുകളാലും ഉള്ള വിചാരണ നടത്തലിനെ ക്രമപ്പെടുത്തുന്നതിന ഈ റെഗുലെഷന്ന യൊജ്യങ്ങളായ ചട്ടങ്ങൾ അതാതു കാലം ഉണ്ടാക്കാവുന്നതാകുന്നു. അങ്ങനെനടപ്പാക്കപ്പെടുന്ന ചട്ടങ്ങൾ ഗസെറ്റിൽ പ്രസിദ്ധമാക്കപ്പെടുന്നതാകുന്നു.

പട്ടിക.

എ. സൎട്ടിഫിക്കെററ.

(൨-ാം വകുപ്പ് എ).

താഴെ ഒപ്പിട്ട (ഇവിടെ പേരും ഉദ്യോഗപ്പേരും എഴുതുക) ആയ ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ (പരിശോധിക്കപ്പെട്ട ആളുടെ പേർ ഇവിടെ എഴുതുക) ... തീയതി ... ത്തു വച്ചു ഞാൻ തന്നെ പരിശോധിച്ചു മെപ്പടി ... ഭ്രാന്തന്മാരുടെ വക റെഗുലെഷനാൽ വിവരിക്കപ്പെട്ട പ്രകാരമുള്ള ഒരു ഭ്രാന്തൻ അല്ല.

൧൦൯ ... തീയതി ആയ ഇന്നു ഞാൻ ഇതിൽ കയ്യൊപ്പിട്ടു കൊടുത്തു.

(ഒപ്പു)

ബി. സൎട്ടിഫിക്കെററ.

(൨-ാം വകുപ്പ് ബി).

താഴെ ഒപ്പിട്ട (ഇവിടെ പേരും ഉദ്യോഗപ്പേരും എഴുതുക) ആയ ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ (പരിശോധിക്കപ്പെട്ട ആളുടെ പേർ ഇവിടെ എഴുതുക) ... തീയതി ... ത്തു വച്ചു ഞാൻ തന്നെ പരിശോധിച്ചു മെപ്പടി ... ഒരു ഭ്രാന്തനും (അല്ലെങ്കിൽ ബുദ്ധിഭ്രമം ഉള്ളവൻ അല്ലെങ്കിൽ അസ്വസ്ഥചിത്തൻ) സൂക്ഷിച്ചു ചികിത്സിക്കുന്നതിനായി ഏററു ഭ്രാന്തശാലയിൽ പാൎപ്പിക്കപ്പെടേണ്ട ആളും ആകുന്നു. എനിക്കു ഈ അഭിപ്രായം താഴെ പറയുന്ന കാരണങ്ങളാൽ ഉണ്ടായതാകുന്നു.

൧. ഭ്രാന്തസ്ഥിതിയെ സ്പഷ്ടീകരിക്കുന്ന സംഗതികൾ ഞാൻതന്നെ അപേക്ഷിച്ചു അറിഞ്ഞിട്ടുള്ളവയാവിതു: (സംഗതികളെ ഇവിടെ എഴുതണം)

൨. ഭ്രാന്തസ്ഥിതിയെ സ്പഷ്ടീകരിക്കുന്ന മററു സംഗതികളായി അന്യന്മാർ എന്നോടു പറഞ്ഞിട്ടുള്ളവ (എന്തു സംഗതികളെന്നും ആരു പറഞ്ഞറിഞ്ഞതെന്നും ഇവിടെ എഴുതുക)

(ഒപ്പു)

(൧൮)

മജിസ്ട്രേട്ടു.

ഫാറം (സി).—വിട്ടയക്കാൻ പയ്യവെക്ഷകന്മാരുടെയൊ ഡർബാർ ഫിസിഷന്റെയൊ ഉത്തരവു.

(൩-ാം വകുപ്പ്).

ഭ്രാന്തശാലാ സൂപ്പർഇൻറന്റിന്.

(പേരും വിവരവും) ൧൦൬ ... തീയതിയത്തെ ഒരു ഉത്തരവിൻപ്രകാരം തന്റെ ബന്തൊവസ്തിലെക്കു കൂട്ടി അയക്കയാലും അയാളുടെ അസ്വസ്ഥചിത്തത നിന്നുപോയിരിക്കുന്നു എന്നൊ $\frac{\text{അവനെ}}{\text{അവരെ}}$ ജനങ്ങൾക്കു അപകടവും അസൌകൎയ്യവും കൂടാതെ വിട്ടയക്കാമെന്നൊ അഭിപ്രായപ്പെടുവാൻ $\frac{\text{ഞങ്ങൾക്കു}}{\text{എനിക്കു}}$ മതിയായ കാരണങ്ങൾ കാണപ്പെട്ടിരിക്കയാലും, മെപ്പടി (പേർ) തന്റെ ബന്തൊവസ്തിൽനിന്നു ഉടനെ വിട്ടയക്കാൻ ഇതിനാൽ തനിക്കു അധികാരം തരികയും തന്നൊടു ആവശ്യപ്പെടുകയും ചെയ്യുന്നു.

൧൦൬ ... തീയതിയായ ഇന്നു $\frac{\text{ഞങ്ങൾ}}{\text{ഞാൻ}}$ ഇതിൽ കൈയ്യൊപ്പിട്ടു കൊടുത്തു.

(ഒപ്പു)

പയ്യവെക്ഷകന്മാർ അല്ലെങ്കിൽ ഡർബാർ ഫിസിഷൻ.

TRAVANCORE
GOVERNMENT GAZETTE
SUPPLEMENT.

TUESDAY
28th June, 1904.



The following Report of the Select Committee on the Bill to consolidate and amend the Law relating to Stamps, together with the Bill as amended by them, is published for general information.

Report of the Select Committee on the Bill to consolidate and amend the Law relating to Stamps.

We, the members of the Select Committee appointed to consider the Bill entitled "A Regulation to consolidate and amend the law relating to stamps," beg to submit the following report.

1. In section 2, we have inserted the words 'and schedule 2 of Regulation III of 1075' between the words '1063' and 'are.' The Bill provides a new scale of stamp fees for Vakils' sannads. Hence, the schedule of fees appended to the Vakils Regulation has to be repealed.

2. In the definition of 'mortgage-deed' given in clause 16 of section 3, we would omit sub-clauses (*a*) Otti and (*b*) Otti with Kuzhikanam; for, these transactions are covered by the class of instruments specified in sub-clause (*c*).

3. In the abovesaid sub-clause (*c*), the word 'other' between the words 'every' and 'instrument' has to be omitted in consequence of the removal of the sub-clauses (*a*) and (*b*).

4. In section 5, clause (*a*), instead of the words 'on or after the first day of' we have substituted the words 'on or after the day on which this Regulation comes into force.' This verbal alteration has been made because the date on which the Regulation shall come into force is given in section 1 and there is no need for repeating the date in other parts of the Regulation.

5. In section 12, we would omit clause (*c*) as adhesive stamps are not now used for Vakils' sannads.

6. In section 32, clause 1, instead of the words "and pays a fee of such amount (not exceeding Rs. 5 and not less than 8 as.), as the Division Peishcar may in each case direct," we have substituted the words "and pays a fee of one rupee." The existing law requires the payment of a fee of only one rupee for adjudication of stamps in all cases. We would retain the present fee with a view to secure uniformity as well as to prevent hardship to the public who are compelled merely by the uncertainty of the law to seek for an adjudication as to the proper duty to be paid.

7. We have appended an illustration to section 34, clause 1, with a view to make the meaning of the law clearer. The illustration is based on the decision reported in I. L. R. 25 Madras, page 525.

8. Instead of section 40, we would substitute the following, which is the same as the existing law (section 33 of Regulation I of 1060 as amended by Regulation III of 1063):—

'When a copy of an instrument is sent to a Division Peishcar under section 39, sub-section 1, he may, if he thinks fit, upon application made to him in this behalf, refund the whole or any portion of the penalty.'

We think it is not necessary to limit the discretion of the Division Peishcar as to the amount of penalty to be refunded. The present law has worked

smoothly and there do not appear to be sufficient grounds for altering it.

9. In section 43, sub-section 1, we have inserted the words 'or recovered under section 49' between the words 'section 42' and 'the person.' The Bill provides for the recovery of duty, and penalty, and when they are so recovered, it is necessary that a certificate to that effect should be entered on the instrument.

10. In the same section, proviso (b), we have substituted the words 'proviso 2.' for the words 'clause (5)'. This is simply the correction of a clerical error.

11. In section 46, we would insert a new clause (3) as follows:—

'(3) Any party aggrieved by an order passed by a Division Peishcar under section 36 or section 41 as to the amount of duty to be levied may appeal to the Dewan within thirty days from the date of such order, and the Dewan's decision shall be final.'

